
Reg. No. T. 125 പത്രാധിപർ ആർ. കൃഷ്ണൻനായർ Licence No. 680 dated 22-9-1949

# വികടകേസരി

രാഷ്ട്രീയ വിനോദ മാസിക.





ഒററപ്രതി 3ണ.

**WHEN YOU HAVE TO BUY OR SELL ANYTHING IN JEWELLERY, PLEASE CONSULT**

# T. S. S MANI & CO.,

**Jewellers and Dealers in Precious stones**

MAIN ROAD : : : TRIVANDRUM. Phone No. 611



Our Speciality:
Reliable and Fashionable Ornaments and Silverwares. Made to suit everyone's TASTE and PURSE

A TRIAL WILL CONVINCE

## ധന്വന്തരി വൈദ്യശാല, തൊടുപുഴ. H. O. തൊടുപുഴ

ബ്രാഞ്ചുകൾ:—വാഴക്കുളം, പാലാ, എറണാകുളം, കോട്ടയം, വൈക്കം, പൂഞ്ഞാർ, തിരുവനന്തപുരം, തൃപ്പൂണിത്തുറ, പെരുമ്പാവൂർ, കോതമംഗലം, മൂവാററുപുഴ, നാഗർകോവിൽ, കാഞ്ഞാർ, ചങ്ങനാശേരി, ആലപ്പുഴ, കൊല്ലം, ആലുവാ, പറവൂർ, പൊൻകുന്നം, തിരുവല്ല, തൃശൂർ, കോഴിക്കോട്ട്, ചേർത്തല, മുണ്ടക്കയം, ഈരാററുപേട്ട, കൂത്താട്ടുകുളം, പിറവം, മാവേലിക്കര, കായംകുളം, കൊട്ടാരക്കര, ആററങ്ങൽ, നെയ്യാററിൻകര, മദ്രാസ്, കൊച്ചി, ഇടപ്പള്ളി, പന്തളം, തക്കല, പുനലൂർ, കിളിമാനൂർ, നെടുമങ്ങാട്ട്.

☞ **ച്യവനപ്രാശം ലേഹ്യം.** റാത്തൽ 1-ന് 3 രൂപ.

ക്ഷീണശരീരങ്ങൾക്ക് ബലം, ആരോഗ്യം ഇവകളെ വർദ്ധിപ്പിക്കുവാൻ വളരെ വിശേഷം. കാസം, ശ്വാസം, ജ്വരം, ഹൃദ്രോഗം, മൂത്രരോഗം, ശുക്ലദോഷം, ഒച്ച അടപ്പ്, രക്തവാദം, ഇവകളെ നശിപ്പിക്കുകയും, ശരീരകാന്തി, ബുദ്ധിശക്തി, ഓർമ്മശക്തി, ഇവകളെ ഉണ്ടാക്കുകയും ചെയ്യും. ഒരുരൂപാതൂക്കംമുതൽ രണ്ടുരൂപാതൂക്കംവരെ ഉപയോഗിക്കാം.

കൂടാതെ, ഏററവും നിഷ്കർഷയിലും സൂക്ഷ്മതയോടും തയ്യാർചെയ്തിട്ടുള്ള പ്രധാനപ്പെട്ട എല്ലാ ആയുർവേദഔഷധങ്ങളും എപ്പോഴും തയ്യാറുണ്ട്.

കൂടുതൽ വിവരം അറിയണമെന്നാഗ്രഹിക്കുന്നവർ ഔഷധവിവരപട്ടികയ്ക്കു മുകളിൽ കാണുന്ന വിലാസത്തിലെഴുതുക,

VIKATAKESARI

പുസ്തകം 1 | ജാനവരി 1950 | ലക്കം 3

# പൊതുജനാരോഗ്യരക്ഷാനിയമം

ജനകീയയുഗത്തിലെ ഒന്നാം നൂറ്റാണ്ടിൽ രണ്ടാം നിയമസഭയിൽ മൂന്നാംമന്ത്രിമണ്ഡലത്തിന്റെ പ്രമാണി വ്യക്തിപരമായി അവതരിപ്പിച്ചു് സകല സെററുകാരുടെയും എതിർപ്പിന്നു് വിധേയമായി അസന്നിഗ്ദ്ധമായ ഭാഷയിൽ പിൻവലിക്കപ്പെട്ടതിനുശേഷം കാൺഗ്രസ്സ് പാർട്ടിയുടെ അനൗപചാരികമായ അംഗീകാരത്തോടും ശ്രീ. കെ. പി. നീലകണ്ഠപ്പിള്ളയുടെ രണ്ടുകൈയും പൊക്കിയുള്ള നിശിതനിരൂപണങ്ങൾക്കു സ്പെഷ്യൽ പെർമിറേറാടുംകൂടി സെലക്ടുകമ്മററിയെ അഭയംപ്രാപിച്ചിരിക്കുന്ന ഒരു സുപ്രധാനനിയമമാണു് പൊതുജനാരോഗ്യരക്ഷാനിയമം. നീണ്ടുനിന്ന അസംബ്ളിസമ്മേളനത്തിൽ പാർട്ടികളുടെ വടംവലികൾക്കിടയിൽ വല്ലവിധവും പതിനേഴു ബില്ലുകൾ അംഗീകരിക്കപ്പെട്ടു. എന്നാൽ ഐക്യസംസ്ഥാനത്തിലെ ആബാലവൃദ്ധം ജനങ്ങളുടെയും ആരോഗ്യരക്ഷയെ ആസ്പദമാക്കിയുള്ള നിയമം പിൻബലത്തോടുകൂടി തിരസ്കരിക്കപ്പെടാൻ സംഗതി ആയില്ലെങ്കിലും അംഗീകരിക്കപ്പെട്ടിട്ടില്ല.

പത്രനിയമം റദ്ദുചെയ്തതിനുശേഷം പെരുകി വന്നിട്ടുള്ള അനനനിമിഷനാഴിക, ദിന, വാരിക, മാസികാദികളെ അച്ചടക്കം ശീലിപ്പിക്കുന്നതിനും സമുദായവൈര്യം ഇളക്കിവിടുന്ന മന്ദശങ്കരന്മാരെ മര്യാദപഠിപ്പിക്കുന്നതിനും പാർട്ടിവിട്ടു് പുറത്തുപോകാൻ തുനിയുന്ന പട്ടംകൂട്ടുകാരെ കൊട്ടുന്നതിനും കാര്യത്തിനും കാര്യക്കേടിനും പഠിപ്പുമുടക്കും പ്രകടനവും നടത്തുന്ന പള്ളിക്കൂടം കുട്ടികളെ തല്ലുന്നതിനും ഇൻക്വിലാബ്കാരെ ശിങ്കിടിപാടിക്കുന്നതിനും ട്രാൻസ്പോർട്ടുപണിമുടക്കുകാരെ പമ്പരം ചുററിക്കുന്നതിനും തൊഴിലാളിപ്രക്ഷോഭണക്കാരെ തൊഴിലില്ലാത്തവരാക്കിത്തീർക്കുവാനും മാകാണവാദക്കാരെ മഹേന്ദ്രഗിരി കടത്താനും അഡ്വൊക്കേററന്മാരുടെ ഹൈക്കോടതിവാദം മതിയാക്കാനും കാളേജ് വഴക്കന്മാരുടെ കോളും കൊഴുപ്പും തകക്കാനും എതിർശബ്ദക്കാരുടെ വാമൂടികെട്ടാനും ഭരണാധികാരികളുടെ സ്വേച്ഛാപ്രഭുത്വം നിലനിത്താനും പാവപ്പെട്ടവന്റെ പട്ടിണിയെ മുഴമപ്പിക്കുവാനും സാധാരണക്കാരന്റെ നട്ടെല്ലു് പൊട്ടിക്കുവാനും അത്യന്താപേക്ഷിതമായുള്ള ഒരു നിശിതായുധമാണു് പ്രസ്തുത നിയമം. അതിനെ അതർഹിക്കുന്ന അവജ്ഞയോടെ അസംബ്ളി വീക്ഷിച്ചെങ്കിലും അതു് ആവശ്യപ്പെടുന്ന ഗൗരവത്തോടെ അടു

# അലക്കോലം

## ആശാൻ

ആററങ്ങൽ ഇംഗ്ലീഷ് ഹൈസ്ക്കൂളിലെ വിദ്യാർത്ഥികൾ പഠിപ്പുമുടക്കും കൂകിവിളിപ്പും തുടങ്ങിയിട്ട് ഏതാണ്ട് രണ്ടാഴ്ച കഴിഞ്ഞിരിക്കുന്നു. ട്രാൻസ്പോർട്ട് പണിമുടക്കിന് അനുഭാവം രേഖപ്പെടുത്താനായി അവർ അന്നൊരിക്കൽ ഒരു പാവപ്പെട്ട ബസ്സിനെ കല്ലെറിഞ്ഞു. ഉയന്ന ഉദ്യോഗസ്ഥന്മാരുടെ മക്കളും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. പൊലീസുകാർ കാപ്പിക്കടകളിൽ അന്വേഷിച്ചതിനുശേഷം നാഥനില്ലാത്ത ഒരു പോററി, ഒരു ചെരിപ്പുകുത്തിയുടെ സന്താനം, ഒരു തയിരുകാരിയുടെ മകൻ തുടങ്ങിയ ഏതാനും നേതാക്കന്മാരുടെ പേരിൽ കേസ്സെടുത്തു. പോററിയും കൃഷ്ണനും പേരെടുക്കാൻ തുനിഞ്ഞ് അറസ്ററുവരിച്ചു. വാസുവും കൂട്ടരും ഒളിച്ചുകളിച്ചു. ഉദ്യോഗസ്ഥസന്താനങ്ങൾ 'കാട്ടിക്കൊട്ട് മൂട്ടിക്കൊട്ട് മണ്ടിക്കളി' എന്ന അവകാശം പിടിച്ചുപററി. പ്രായം ചെന്ന വിദ്യാർത്ഥികൾ പള്ളിക്കൂടം ഗേററിൽ പാളയമടിച്ചു. മററുള്ള വിദ്യാർത്ഥികൾ നിത്യവും ഗേററുകാത്തിട്ട് തിരിച്ചുപോയി. ഒരു സംഘം റോഡുനീളെ അലറിവിളിച്ചുകൊണ്ടു നടന്നു. അദ്ധ്യാപകന്മാർ അതുതന്നെ സുഖമെന്നുകരുതി സൈററടിക്കാൻ നടന്നു. വാസവൻ സാർ 'ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ' എന്നും പത്മനാഭയ്യർ 'ഞാനൊരു രോഗിയാണേ' എന്നും പൊലീസുകാർ 'ഞങ്ങൾക്കു ഈ ഹൈസ്ക്കൂളുകളുടെ ഭരണം തന്നിട്ടില്ലെന്നും' മജിസ്ട്രേട്ട് ഈ അനാഥമായ അവസ്ഥയൊന്നും അറിയാത്തഭാവത്തിലും നടക്കുകയാണ്.

കാൺഗ്രസ്സുകാർ കരിങ്കാലികളാണെന്നു കുട്ടികളും വിദ്യാർത്ഥികൾ കഴുതകളാണെന്നു കാൺഗ്രസ്സ്കാരും രക്ഷകർത്താക്കന്മാർ കാശിനു കൊള്ളാത്തവരാണെന്നു മററുള്ളവരും മുരശടിച്ച്. മുഴക്കുന്നു. നിത്യവും രാവിലെ പുസ്തകങ്ങളുമേന്തി റോഡുനീളെ നടക്കുന്ന വിദ്യാർത്ഥീവിദ്യാർത്ഥിനികളോട് എന്താണു വിശേഷമെന്നു ചോദിച്ചാൽ പള്ളിക്കൂടത്തിനകത്തു് റിസർവുപോലീസും മജിസ്ട്രേട്ടും പള്ളിക്കൂടത്തിനു പുറത്തു് തലപ്പൊക്കമുള്ള വിദ്യാർത്ഥിനേതാക്കന്മാരും കാവലുള്ളതുനിമിത്തം പള്ളിക്കൂടത്തിൽ കയറാൻ നിവൃത്തിയില്ലെന്ന് പറയുന്നതുകേൾക്കാം. നേതാക്കന്മാർതന്നെ രണ്ടുചേരിയായി പിരിഞ്ഞു് തമ്മിലടിക്കാനും തയാറാകുന്നുണ്ടു്.

---

ത്തസഭയിൽ പാസ്സാകുന്നതാണ്. ആരൊക്കെ പ്രതിഷേധിച്ചാലും പ്രസംഗിച്ചാലും എഴുതിയാലും അധികാരമുള്ളവരുടെ ആവശ്യമായതുകൊണ്ടു് അതു് നിയമമായിത്തീരും; തീരുകയും വേണം. പൗരസ്വാതന്ത്ര്യത്തിന്റെ പേരിൽ അനാരോഗ്യകരമായ പലതും പറന്നു കളിക്കുകയാണ്. അതിരുതിരിച്ചു കുററിയിട്ടില്ലെങ്കിൽ പൗരാവകാശത്തിന്റെ അതിർത്തി നിർണ്ണയിക്കാൻ വിഷമമായിരിക്കും. അതുകൊണ്ടു് ആരോഗ്യരക്ഷാനിയമം പൊതുജനങ്ങളുടെ നിലയിൽ അന്ത്യൂറാത്തൽ ഫലമുള്ള ഉരുക്കുഉണ്ടപോലെ എറിഞ്ഞുകൊടുക്കേണ്ടതുതന്നെയാണ്. മര്യാദപഠിച്ചിട്ടില്ലെങ്കിൽ പഠിപ്പിക്കും. ഞങ്ങൾ പ്രസ്തുതനിയമത്തെ സർവ്വശക്തിയും ഉപയോഗിച്ചു സ്വാഗതം ചെയ്യുന്നു.

പന്ത്രണ്ടര മണിവരെ റോഡുനീളെ മുദ്രാവാക്യങ്ങളും അലറിവിളിയും കേൾക്കാം. വിശപ്പുതട്ടുമ്പോൾ തിരിഞ്ഞുനടക്കും. സകല പരിപാടികളും അടുത്തദിവസത്തേയ്ക്കു മാററിവയ്ക്കും. ജാഥായെ നയിക്കാൻ തലപ്പൊക്കമുള്ള നേതാക്കന്മാർ ആദ്യത്തെ വരിയിൽ കാണുകയില്ല. അടിവന്നാൽ താങ്ങേണ്ടവർ കൈചുരുട്ടിക്കാണിച്ചും ഇൻക്വിലാബ് വിളിച്ചും മുൻപേ നടക്കുന്ന കുനിപ്പൊടികളാണ്. ധീരനേതാക്കന്മാർ ചായക്കടകളിലും ബീടി പീടികകളിലും ഒളിഞ്ഞിരുന്നു രസിക്കുകയാണ്. അങ്ങനെ ആരും കണ്ടതായി ഭാവിക്കാത്ത പഠിപ്പുമുടക്കം പ്രകടനവും ആകപ്പാടെ അലങ്കോലപ്പെട്ടിരിക്കുകയാണ്. ആരെങ്കിലും ഒന്നു നല്ലവാക്കുപറയുവാനുണ്ടെങ്കിൽ—വിദ്യാർത്ഥികളുടെ പേരിലുള്ളകേസ് പിൻവലിക്കാമെന്നു പറഞ്ഞെങ്കിൽ വിദ്യാർത്ഥികൾ പഠിപ്പുമുടക്ക് മതിയാക്കുമായിരുന്നു. പിന്നെ സക്കാർനോട്ടുമൊന്നു പറയുവാനുണ്ട്. പിഞ്ചുകുട്ടികൾ അന്നു വണ്ടിയിലെറിഞ്ഞതു് മനഃപൂർവ്വമല്ല. ഒരു ദുരുദ്ദേശ്യവുമല്ല. അക്രമപ്രസക്തവുമല്ല. ഭവിഷ്യത്തു മനസ്സിലാക്കാത്ത ഒരു വിനോദപ്രകടനമായിരുന്നു. അതിനെ അഗണ്യകോടിയിൽ തള്ളാതെ അവരെ അറസ്റ്റുചെയ്യുവാനും ജയിലിലടയ്ക്കുവാനും നേതാക്കന്മാരാകുവാനും തുനിഞ്ഞതു് വേറെ തൊഴിലില്ലാത്തതുകൊണ്ടാണെന്നു് പരസ്യമായ സംസാരമുണ്ട്. പലതുകൊണ്ടും പരീക്ഷണനായ പ്രധാനമന്ത്രിയുടെ പടിവാതലിൽ പാട്ടുകിടക്കാൻ പ്രേരിപ്പിക്കപ്പെട്ടുന്ന വിദ്യാർത്ഥികളെ പള്ളിക്കൂടത്തിൽ പോകാൻ പറയണം. ഈ പഠിപ്പുമുടക്കപ്രസ്ഥാനത്തെ അറസ്റ്റും ശിക്ഷയുംകൊണ്ട് പരാജയപ്പെടുത്താൻ ശ്രമിക്കാതെ അവരെ അവരുടെ പാട്ടിനു വിട്ടയക്കണം.

വിദ്യാർത്ഥി സഖാക്കളോടും ഒരപേക്ഷയുണ്ട്. പണക്കുഴപ്പമുള്ള കാലമാണ് വരുന്നതു്. പാവപ്പെട്ട രക്ഷകത്താക്കൾ പണിപ്പെട്ടുണ്ടാക്കുന്ന പണം പാഴായി സക്കാരിന്റെ പള്ള വീക്കാൻ മാത്രം കൊട്ടപ്പിക്കരുതു്. നിങ്ങൾ തൊഴിൽ മുടക്കിയാൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷകർത്താക്കന്മാക്കും മാത്രമാണു നഷ്ടം. ഇന്നു നിങ്ങൾ പഠിപ്പുതുടന്നാൽ നാളെ നിങ്ങൾക്ക് നേതാക്കന്മാരാകാം. അച്ചങ്കോലങ്ങൾ ആവത്തിക്കപ്പെടാതെ സൂക്ഷിക്കണം.

**N. B.** ഈ ലേഖനം അച്ചടിയിൽ നടക്കുമ്പോൾ വിദ്യാർത്ഥികളുടെ പേരിലുള്ള കേസ്സ് പിൻവലിച്ചതായി പത്രപ്രസ്താവനകണ്ടു.

(വി. കേ. പ.)


സെൽവാ മെഴുകുതിരിക്കാരുടെ




സെൽവാ
ബാർസോപ്പ്
വാങ്ങുവിൻ!

S. S. രാജാ & കമ്പനി ന്യൂബസ്സാർ, ആലപ്പുഴ.

# മദ്യനിരോധനം നിറുത്തലാക്കുന്നു

## ശബരിമല വിളക്കുസംബന്ധിച്ച് പത്തുദിവസത്തേയ്ക്കു്

അയ്യപ്പന്മാരുടെ ആരോഗ്യസംരക്ഷണത്തിനുവേണ്ടിമാത്രം മാല ധരിക്കാത്തവർക്കും മീശവളർത്താത്തവർക്കും നിരോധനം നിറുത്തിയിട്ടില്ല. (ദേവസ്വം ബോർഡിൽ എഴുതിവച്ചിട്ടുള്ള പരസ്യം)

### അയ്യപ്പന്മാർക്കു് ഒരു അസുലഭാവസരം!

സ്വാമിശരണം.

തെക്കൻ തിരുവിതാംകൂറിൽ നിന്നും ഈ വർഷം അയ്യപ്പന്മാർ കുറവാണെന്നു കാണുന്നു. അതിന്റെ കാരണമന്വേഷിക്കാൻ നിയോഗിച്ച വിദഗ്ദ്ധകമ്മറ്റിയുടെ റിപ്പോർട്ടു കിട്ടി. തമിഴ്നാട്ടുപ്രക്ഷോഭണം കൊണ്ടോ കാൺഗ്രസ്സിനോടുള്ള വിരോധം കൊണ്ടോ അൻപത്തൊന്നു ലക്ഷം ബോർഡിനു കിട്ടിയതുകൊണ്ടോ ഉണ്ടായിട്ടുള്ള സംഭവവികാസങ്ങൾ നിമിത്തമല്ല അയ്യപ്പന്മാരുടെ സംഖ്യയിൽ സാരമായ കുറവു വന്നിട്ടുള്ളതു്. പ്രസ്തുത മദ്യനിരോധനം നിമിത്തമുണ്ടായിട്ടുള്ള പ്രതിഷേധം ഒരുഭാഗത്തും ചെത്തു നിറുത്തിയതുകൊണ്ടുള്ള പണക്കുഴപ്പം മറുഭാഗത്തും നിന്നു് സ്വാമിശരണങ്ങളെ ഞെരുക്കിയതുകൊണ്ടാണെന്നു് രേഖാമൂലമായ തെളിവുകിട്ടിയിരിക്കുന്നു.

കഞ്ചാവും കറുപ്പും കൊണ്ടുമാത്രം വ്രതം ഭാഗിയായി അനുഷ്ഠിക്കാൻ നിവർത്തിയില്ലാതെ ഏതാനും സ്വാമിമാർ മടുത്തതായും കള്ളില്ലാതെ മരച്ചീനിയും മത്സ്യവും കഴിക്കാൻ സാധിക്കാത്തതുകൊണ്ടു് കടുത്ത സ്വാമിഭക്തന്മാർക്കു് വെറുപ്പുതോന്നിയതായും കമ്മറ്റി റിപ്പോർട്ടു ചെയ്യുന്നു.

ആയതിനാൽ ദേവസ്വംബോർഡ് തല മണ്ട കാഞ്ഞു ചിന്തിച്ചതിനുശേഷം താഴെ വിവരിക്കുന്ന വിജ്ഞാപനം സർവ്വശക്തിയുമുപയോഗിച്ചു് പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു. വിജ്ഞാ

*For Quality & Promptness*

THE MURUGAN PRESS

PAZHAVANGADI, : : TRIVANDRUM.

പനത്തിൽ പറയുന്ന സൗജന്യം മാല ധരിച്ച് കോലം ചമഞ്ഞു് താടി വളത്തിയിട്ടുള്ളവരും കഞ്ചാവും കറുപ്പും ഉപയോഗിക്കുന്നവരും ഗുരുസ്വാമിയായി സ്വയം സന്നത്തു സ്വീകരിച്ചിട്ടുള്ളവരുമായ ഓം ഭഗവാന്മാർക്ക് പ്രത്യേകമായി അനുവദിച്ചിട്ടുള്ളതാണെങ്കിലും പിരമ്പിൽ വെള്ളിച്ചുററുകളിട്ട് അയ്യപ്പനെ ആവാഹിച്ചുകൊണ്ടുനടക്കുന്ന അയ്യപ്പശരണങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. ജലദൗർലഭ്യമുള്ള മലഞ്ചെരുവുകളിൽ കൂടി അലിഞ്ഞിറങ്ങുന്ന അരുവികളിൽ മലമൂത്രവിസർജ്ജനം ചെയ്യുന്ന വടക്കൻ പെരിയസ്വാമിമാക്ക് ഒരിക്കലും സൗജന്യം അനുവദിക്കാതിരിക്കാൻ നിവത്തിയില്ല. കൂടുതൽ വിവരത്തിന് മന്ദത്തു പത്മനാഭനേയോ യോഗം ശങ്കരനേയോ സമീപിക്കുക.

## വിജ്ഞാപനം

സ്വാമിശരണങ്ങളേ! മാളികപ്പുറങ്ങളേ! വർഗ്ഗീയവാദികൾ നിരോധിച്ച മദ്യത്തിന്റെ സംഭരണ വിതരണ വിനിയോഗങ്ങൾ മകരവിളക്ക് സ്പെഷ്യലായി ധനുമാസം 25-ാം തീയതി മുതൽ മകരം 5-ാം തീയതി വരെ പത്തുദിവസത്തേയ്ക്ക് അനുവദിക്കുവാൻ ബോർഡിനു സന്തോഷമാണുള്ളത്. ചിറയിൻകീഴ താലൂക്കിന്റെ വടക്കേ അതിരുമുതൽ അതിരില്ലാതെ പതിനെട്ടാം പടിവരെ നീണ്ടു പൊങ്ങിക്കിടക്കുന്ന ഐക്യസംസ്ഥാനത്തിൽ അയ്യപ്പന്മാരെ! നിങ്ങൾക്കുവേണ്ടി ഈ വർഷം നിരോധനം നിറുത്തിവച്ചിരിക്കുന്നു. നഷ്ടപ്പെട്ട നിങ്ങളുടെ അനാരോഗ്യവും അല്പായുസ്സും വീണ്ടെടുക്കുന്നതിന് നിങ്ങൾക്കു തന്നിട്ടുള്ള ഈ സുവർണ്ണാവസരം സ്വാമിമാർ പാഴാക്കുകയില്ലെന്നു പരിപൂർണ്ണമായി വിശ്വസിക്കുന്നു. മറവിയിൽ മറഞ്ഞുതുടങ്ങിയ ഗൃഹഛിദ്രവും കൊടുംപട്ടിണിയും പത്തുദിവസത്തേയ്ക്കെങ്കിലും നിങ്ങളെ അനുഗ്രഹിക്കട്ടെ. ദക്ഷിണവാങ്ങിയതും ചിട്ടികെട്ടി സമ്പാദിച്ചതും താലി വിററു കിട്ടിയതുമായ സകല സ്വത്തും സ്വാമിമാർ ഈ സമയത്തു് യഥായോഗ്യം വിനിയോഗിച്ചാലും; സംതൃപ്തിയടഞ്ഞാലും.

VISIT, **CENTRAL CAFE**

Near Central Theatre

Pazhavangadi, Trivandrum.

സന്ദർശിക്കുവിൻ!!

**സെൻട്രൽ കഫേ**

സെൻട്രൽ തിയേററിനു സമീപം

പഴവങ്ങാടി, തിരുവനന്തപുരം.

Prop. T. P. T. Nair.

എരുമേലിയിൽ പേട്ടതുള്ളാനും അഴുതയിൽ കുളിച്ചു് മല ചവുട്ടാനും ഇഞ്ചിപ്പാറ താവളത്തിൽ വെള്ളം ശേഖരിക്കാനും കരിമല കയറാനും അടിവാരത്തിറങ്ങാനും പമ്പാതീരത്തു താവളമടിക്കാനും നീലിമല തകക്കാനും ശരണം വിളിക്കാനും നിങ്ങൾക്കു വീര്യവും വാശിയുമുണ്ടാക്കാൻ ഈ വിജ്ഞാപനം പ്രയോജനപ്പെടുമെന്നു് മനോരമപോലും സമ്മതിക്കുന്നതാണു്.

അയ്യപ്പന്മാർക്കു് എന്തുംചെയ്യാമെന്നു് ഒരു അന്ധമായ മതം മദമായി കലാശിക്കുന്നിടത്തോളംകാലം പരിശോധനയ്ക്കു് ആരും തയാറാകുകയില്ല. നിരോധനം നിറുത്തിയിരിക്കുന്നതുകൊണ്ടുമാത്രമല്ല, പല്ലുതേയ്ക്കാതെ പലതും ചവച്ചു് റക്കിയും പൊടിയും മീശയും നിറഞ്ഞും മലീമസമായിരിക്കുന്ന വായിൽ കാൺഗ്രസ്സിന്റെ എക്സയിസ് ശിപായിമാർ മന്ത്രി കല്പിച്ചാലും മണപ്പിക്കുകയില്ലെന്നുള്ളതുകൊണ്ടു് വിജ്ഞാപനത്തിൽ ആ ഭാഗം എടുത്തുപറയുന്നില്ല. കന്നിമേൽ ഗണപതി ഭഗവാന്റെ തിരുസന്നിധിയിൽ കാണുന്ന ഹോമകുണ്ഡത്തിൽനിന്നും കമ്പുകൊണ്ടോ കൈകൊണ്ടോ നെയ്ത്തേങ്ങകൾ പറക്കി എടുത്തു് ഇരുമുടിയിൽ നിറച്ചുകൊണ്ടാൽ തിരിച്ചു ചവിട്ടുന്ന വേളയിൽ മദ്യം :ശേഖരിച്ചു് പ്രസാദമായി ഉപയോഗിക്കാമെന്നുള്ളതു് ഒരു പരമരഹസ്യമാണു്. വില്പനനികുതി അയ്യപ്പന്മാരിൽനിന്നും ഈടാക്കരുതെന്നു് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ടു്.

അയ്യപ്പസേവാസംഘത്തിന്റെ ഉച്ചഭാഷിണിയെ അശേഷം വകവയ്ക്കാതെ ഈ വിജ്ഞാപനത്തിന്റെ തത്വം അറിഞ്ഞു് പ്രവർത്തിക്കുന്ന അയ്യപ്പേതരമതക്കാർക്കും ഈ സൗജന്യങ്ങൾ ഉപയോഗിക്കാവുന്നതാണു്. ഒരു ഹൈന്ദവ സംസ്ഥാനം അനതിദൂരഭാവിയിൽ വിഭാവന ചെയ്യുന്ന ബോർഡു് അയ്യപ്പഭക്തന്മാർക്കു് ആവശ്യമുള്ള സഹായങ്ങൾ ഇതാ വാഗ്ദാനം ചെയ്തുകൊള്ളുന്നു.

സ്വാമിയേ ശരണമയ്യപ്പാ.


## പ്രത്യേക അറിയിപ്പ്

ശബരിമല തീർത്ഥാടനക്കാർക്കു് പററിയ സുവർണ്ണാവസരം.

ഒന്നാംതരം പനിനീർ, കർപ്പൂരം, ചന്ദനത്തിരി, പഴവർഗ്ഗങ്ങൾ, ചന്ദനം, പൂവ് തുടങ്ങിയ സകലതരം സാധനങ്ങളും മിതമായ വിലയ്ക്കു് ഇവിടെ കിട്ടുന്നതാണു്.

പ്രൊ. കെ. കുട്ടൻപിള്ള.
ചാല, സന്നതുമുക്കു്—തിരുവനന്തപുരം.

# സാധുജീവിതം

പ്രണേതാവ് ജി. ശ്രീനിവാസൻ

(ഗാഥ)

അങ്ങുതാ കാണുന്നു കുന്നിൻ ചരിവിലായ്
ഭംഗിയേറീടുന്ന ഗ്രാമമൊന്നിൽ
ചുററും മലകളും മാടങ്ങളൊക്കയും
മുററത്തു വൃക്ഷവും കാവുകളും
മാടത്തിന്നുള്ളിലായ് വാഴുന്നോരുത്തമ
കൂടപ്പിറപ്പാം സഹോദരങ്ങൾ
അവിടേക്കു നോക്കിയാൽ കാണുന്നു സുന്ദര
വിവിധവിധത്തിലുള്ളാൽത്തറകൾ
അവരുടെ ദൈവമാണെന്നുള്ള ചിന്തയിൽ
അവിടെല്ലാമങ്ങു വിളക്കുകളും
മുതലാളിത്തലവന്മാർ അവിടങ്ങു രാവിലെ
അതിവേഗം പാഞ്ഞങ്ങു ചെന്നിടുന്നു
അനുദിനം കൂലിവേലക്കാരാണങ്ങവർ
വനമതിൽചെന്നു കിളച്ചിടേണം
അവരുടെ ക്ഷീണത്തെ പറയുവാൻ കെല്പില്ല
അവരുടെ ജീവിതമെത്രനഷ്ടം
സന്ധ്യയാകുംവരെ ജോലിയെടുക്കണം
അന്തിക്കുമുൻപവർ പോരുകില്ല
ഉച്ചയ്ക്കെരിവെയിലേററങ്ങു പാവങ്ങൾ
ഉച്ചപ്പണികളും ചെയ്തിടുന്നു.
മുതലാളിമാരെല്ലാം മേടയിൽ സുഖമായി
കതകുതുറന്നങ്ങിരുന്നുനോക്കും.
അരനിമിഷംപോലും നില്ക്കാതെ സാധുക്കൾ
അരിശത്തോടങ്ങനെ ജോലിചെയ്യും
മേടയിൽ പ്രഭുവിന്റെ കുഞ്ഞുങ്ങൾ സുഖമായി
ഭക്ഷണമൊക്കെക്കഴിച്ചിടുമ്പോൾ
പുലയന്റെ മക്കളാം സാധുവാം കുഞ്ഞുങ്ങൾ
അലതല്ലി കരയിന്നിതെത്രകഷ്ടം
പ്രഭുവിന്റെ മക്കൾക്കു് നല്ല തുണികളും
പുലയന്റെ മക്കൾക്കു കൂറകളും
സന്ധ്യയാകുംവരെ ജോലിയെടുക്കുമ്പോൾ
അന്തിക്കു നാലു പണംകൊടുക്കും
അതുകൊണ്ടു സാധുക്കൾ ദിവസം കഴിക്കണം
അതിയായിട്ടാർത്തിയുണ്ടങ്ങവർക്കു്
എരിവെയിലത്തു കിടന്നു പൊരിയുന്ന
അരിമസന്താനങ്ങൾക്കാപുലയൻ
അരികൊണ്ടുനൽകുവാൻ വഴികാണാതങ്ങവൻ
അലയുന്നു ദൈവമേ എത്രകഷ്ടം


## GENERAL PAPER COMPANY

*Dealers in*

**PAPER, BOARDS, PRINTING INKS, PRINTERS' SUNDRIES, STATIONERY ETC.**

Central Station Road.

**TRIVANDRUM.**

ചെറുകഥ.

# "അവിടെയും ജന്മിത്വമോ?"

(കേരളപുരം)

പൊന്നമ്മയുടെയും വിവാഹം കഴിഞ്ഞു. കോമളം അതിനും പങ്കുകൊണ്ടു. അവൾക്കിങ്ങനെ ഒട്ടധികം കൂട്ടുകാരെയണിയിച്ചു് പന്തലിലേക്കു് വിടേണ്ടതായി വന്നിട്ടുണ്ടു്. എന്നിട്ടു് ആ മർമ്മം തുളയ്ക്കുന്ന രംഗം ബാഷ്പം ചിന്തിയ മിഴികൾ കാട്ടി സ്തംഭംപോലെ അങ്ങനെ നോക്കിനിൽക്കും. അവളുടെ പ്രായക്കാരിൽ- ഒത്തു വിദ്യാലയത്തിൽ പഠിച്ചിട്ടുള്ളവരിൽ-പരസ്പരം, നവദമ്പതിമാരായി പല വികൃതത്തരവും അഭിനയിച്ചു കളിച്ചിട്ടുള്ള കൂട്ടുകാരിൽ അവളോടൊത്തു പൊന്നമ്മ മാത്രമേ ശേഷിച്ചിട്ടുള്ളായിരുന്നു. ഒരു പുരുഷൻെറ രോമസങ്കുലമായ വിരിമാറിൽ അങ്ങനെ തലയും ചാച്ചുവച്ചു പററിപ്പിടിച്ചു ഉന്മാദത്തിൻെറ ഉലച്ചിലോടുകൂടി വികാരം സംയമനം ചെയ്യാൻ തന്നോടൊപ്പം സാധിച്ചിട്ടില്ലാത്ത പൊന്നമ്മയ്ക്കും, യഥേഷ്ടം കൈകാര്യം ചെയ്യത്തക്കവണ്ണം അതു് ഇതാ കരഗതമായിക്കഴിഞ്ഞു. അതാ! ആ മോടിപ്പിടിച്ച വിവാഹത്തോടുകൂടി പന്തലിൽ നിന്നു് ഒരു സുന്ദരക്കുട്ടനെ ശൃംഗാരക്കുളിർമ്മയോടേ അവളും അനുധാവനം ചെയ്യുന്നു.

അങ്ങിനെ ആ വൻപിച്ച പൂമാലയിലെ മലരുകൾ ഒന്നൊന്നായി പരമസായൂജ്യത്തിലേയ്ക്കുയർത്തപ്പെട്ടു. ഒരാൾ മാത്രം ഒഴികെ, അതേ 'കോമളം, അതിൻെറ ശൂന്യമായ വാഴനാരിൽ ഇന്നാകുസുമം ഒരു പ്രേതം പോലെ തൂങ്ങിക്കിടക്കയാണു്.

ഹൃദയം ചലിച്ചു, കണ്ണൊന്നു മിന്നിപ്രകാശിച്ചു, എന്നിട്ടു് ഒരു നടത്ത, അവൾ വീട്ടിലേയ്ക്കു്. ആരും കണ്ടില്ല, ആരും അറിഞ്ഞില്ല, അവളുടെ മുറിയിൽ, സോഫയുടെയരികിൽ, ജനാലയിൽ കൂടി വെളിക്കോട്ടു നോക്കിക്കൊണ്ടു്, പുരുഷൻെറ മർദ്ദനത്തിനു് വിധേയമായിട്ടുലയാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്ത മൂത്തുമുരടിച്ച മുലകൾ ഭിത്തിയിലേയ്ക്കു് ഞെളിഞ്ഞമർത്തി കോമളം അങ്ങനെ നിൽക്കുകയാണു്.

"ഒരു കാമുകനുണ്ടാവുക! ഭഗവാനേ അതിൻെറ ഒരാനന്ദം.........എന്തു കൊണ്ടെനിക്കൊരു കാമുകനില്ല. ഒരു ഭർത്താവില്ല, എത്രയോ പെണ്ണുവഴക്കുകൾ ഇവിടെ കേൾക്കാം. എന്നെ മാത്രം സ്നേഹിക്കാൻ ഒരു പാനരത്താനം ഈ ലോകത്തില്ലേ? ഒരു പക്ഷേ! ഇത്തരം അനുഭവങ്ങൾ ഭൂമുഖത്തുള്ള ഒട്ടനേകം മരാളസുഭഗമാരെ ഇട്ടുലട്ടുന്നുണ്ടാവാം. സൗന്ദര്യം പോരാഞ്ഞിട്ടോ?" അവൾ ചിന്തിച്ചു. പ്രത്യം

---

നേരം വെളുക്കുമ്പോൾ പാടത്തുപേയവൻ
എല്ലുമുറിയെ പണിയെടുക്കും.
എരിവെയിലേററവൻ വിത്തു വിതയ്ക്കുന്നു
പരിചോടെ പുലയികൾ കാടുവെട്ടും.
മഴയത്തുകൊയ്യുന്ന സാധുക്കളായവർ
ഉഴലുന്ന കുട്ടികൾ മലമുകളിൽ
സന്തോഷത്തോടങ്ങു കററ ചകിട്ടിന്നു
സന്താപമാണു തളർന്നിടുമ്പോൾ
മുതലാളിത്തലവന്മാർ മണിയെ മോഹിച്ചങ്ങു
കൊതിപൂണ്ടുവാഴുന്ന കാലമാണു്.
അതുകൊണ്ടു സാധുക്കൾ ഉഴലുന്നു ദൈവമേ
അവരുടെ സങ്കടമെന്നുതീരും.

ഗം പരിശോധന നടത്തി. തിരിഞ്ഞും പിരിഞ്ഞും നിലക്കണ്ണാടിയിൽ നോക്കി. നല്ല തുടുതുടുത്ത കവിൾത്തടം. കവികൾ വർണ്ണിക്കാറുള്ളതുപോലെ അരുണിമ വ്യാപിച്ച ചുണ്ടുകൾ. നേർമ്മയുള്ള ബാഡീസിൽ ഉന്തിത്തള്ളി മരണവെപ്രാളത്താൽ വെളിലേയ്ക്കു ചാടാൻ തുനിയുന്ന മുലകൾ. കൊഴുത്തു തടിച്ച തുടകൾ. ഇതെല്ലാം ഒന്നിലധികം പ്രാവശ്യം കണ്ടതിനുശേഷം ഇതനുഭവിക്കാതെ നാണമില്ലാതെ നടക്കുന്ന പുരുഷ ലോകത്തെ അവൾ അവജ്ഞയോടെ കൊഞ്ഞനം കാട്ടി. എന്നിട്ട് ഉപയോഗിക്കാൻ ആളുകളെ പ്രദാനം ചെയ്യാതെ അസ്ഥാനത്തു് സൗന്ദര്യം നിർമ്മിച്ചു വച്ചിരിക്കുന്ന ബ്രഹ്മാവിനെ മനസാ പഴിച്ചു. ഒരു നെടുവീർപ്പിട്ടുകൊണ്ടു് മുറിയുടെ നടുവിൽ കൂടി ഉത്തരത്തിലേയ്ക്കു് ഘടിപ്പിച്ചിരുന്ന തുണിനെ കെട്ടിപ്പുണർന്നു.

അവളുടെ പ്രായം മുപ്പതു വയസിലേയ്ക്കു കടന്നു. എന്നിട്ടും ആരും വന്നില്ല. അവളുടെ വയററിലൊരാളുലുണ്ടായി. അവൾക്കു് സമാശ്വാസനം നൽകിയിരുന്ന പ്രതീക്ഷ പൊട്ടിത്തെറിച്ചു. പാവം നിരാശയിൽ നിന്നു നിരാശയിലേയ്ക്കു് ഇഴഞ്ഞു നീങ്ങുകയാണു്. ആ സൗന്ദര്യ വിഹഗം വികാരത്തിൻെറ പൊൻപക്ഷങ്ങൾ വിടർത്തി വളരെയധികം പറന്നു കുഴഞ്ഞു. ഒരിരപോലും കിട്ടാതെ തളർന്നു വീണുപോയി. അതിനി ഉയരുകയില്ല. എത്രയോ കസ്തൂരി കല്പ രസായനങ്ങളിങ്ങനെ നശിച്ചുപോകുന്നുണ്ടു്.

രുദ്രാണി, സാവിത്രി, സൗദാമിനി, പാഞ്ചാലി, അംബുജം ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത സ്ത്രീകൾക്കു് അവളുടെ ഓർമ്മയിൽ പുതുതായി ഭർത്താക്കന്മാരെ കിട്ടിയിട്ടുണ്ടു്. അവരെയാരെയും അവൾ പിന്നെ കണ്ടിട്ടില്ല. അവരെല്ലാം മധുവിധുകാലത്തെ അസുലഭ നിമിഷങ്ങൾ പ്രിയ കാമുകനോടൊത്തു മുതലെടുക്കുകയാണു്. അവർക്കു് കോമളത്തെ ഓർക്കാനല്ല നേരം.

മാസങ്ങൾ പലതു കഴിഞ്ഞു. പൊന്നമ്മ ഒരു ദിവസം സമ്പൂർണ്ണ ഗർഭിണിയായി കോമളത്തിൻെറ വീട്ടുവഴി വന്നു, പ്രിയ കാമുകനുമൊത്തു്, അവൾക്കതു് സഹിച്ചില്ല. അവൾ മറഞ്ഞുകളഞ്ഞു. പ്രേമം നകന്നു, നകന്നു, കോരിക്കുടിച്ചു തൃപ്തിയാക്കി പള്ള വീർപ്പിച്ചു നടക്കുന്ന പൊന്നമ്മയെ കണ്ടപ്പോഴെ അവളുടെ നട്ടെല്ലിൽ കൂടി ഒരു തീക്ഷ്ണം ഇഴഞ്ഞുപോയതുപോലെ തോന്നി. "ഇനി ആ വയറൊഴിയാത്ത താമസം അടുത്തതു് അതിലേയ്ക്കു് പ്രവേശിപ്പിക്കാൻ. ഒരു ഭാഗം നിത്യ പട്ടിണി, ഒരു ഭാഗം നിത്യ സമ്പൂർണ്ണതയിൽ നിന്നു കവിയുന്ന ശ്വാസം മുട്ടൽ. നശിച്ച വ്യവസ്ഥിതി" അവൾ സ്വയം ചിന്തിച്ചു.

ഈ യാതനാററകൾ പോലെ അവളുടെ ചിന്തകൾ പൊട്ടിച്ചയുന്നു. ഒരു ഗർഭിണിയായി പുരുഷന്മാരുടെ മുമ്പിൽ കൂടി ഞെളിഞ്ഞു നടക്കാൻ പൂർണ്ണ ഗർഭം നിറഞ്ഞ വയററിലേയ്ക്കു നോക്കിക്കൊണ്ടു് ഇതെൻെറ ചുണയാണെന്നു പറഞ്ഞു ഭർത്താവിൻെറ മുമ്പിൽ അഭിമാനം കൊള്ളാനുള്ള ഒരു ഭാഗ്യം, ഭർത്താവിൻെറ വയററത്തു കൂടി വരിവരിയായി വളർന്നു നില്ക്കുന്ന രോമത്തിൽ തടവികൊണ്ടു ചാരി നിന്നു കുശലങ്ങൾ പറയാനുള്ള ഒരു രംഗം അവൾക്കു സിദ്ധിച്ചിട്ടില്ല. ഇങ്ങനെ ഒരു കാമുകനുണ്ടായിരുന്നെങ്കിൽ സിദ്ധിക്കാവുന്ന ഒട്ടധികം മോഹന

രംഗങ്ങളിൽ കൂടി അവളുടെ ചിന്തയിഴഞ്ഞിഴഞ്ഞു പോയി.

* * * * *

വർഷങ്ങൾ പലതുകഴിഞ്ഞു. കോമളത്തിന്റെ സൗന്ദര്യം ഇടിഞ്ഞിറങ്ങി. മുഖത്തു ചുളികൾ വീണു തുടങ്ങി. മുലകളുടെ ധാർഷ്ട്യം ഒന്നു കുറഞ്ഞു. തെക്കുവശത്തെ പ്ലാവിന്റെ തണലിലിരുന്ന് അവൾ ചിന്തിക്കുകയാണ്.

“ഒരു പുരുഷന് 10 സ്ത്രീകളുണ്ട് ജനസംഖ്യയിൽ, ന്യായമായി ഒരു സ്ത്രീക്ക് 1/10 പുരുഷൻ അവകാശപ്പെട്ടിട്ടുണ്ട്. എന്നാൽ ഇന്നത്തെ ലോകത്ത് അവയെല്ലാം നിഷേധിക്കപ്പെടുകയാണ്. ഒരു സ്ത്രീയ്ക്കു തന്നെ പത്തും ഇരുപതും പുരുഷന്മാർ അതൊരു വശം അവൾക്കു വയ്യാത്ത പാട്; ഒരുവശം ഉപയോഗശൂന്യമായി അനുഭവിക്കാനാളില്ലാതെ അമൂല്യങ്ങളായ സ്വത്തുകൾ നഷ്ടപ്പെട്ടു പോകുന്നു. ജീവിതത്തിന്റെ ഒരു നിമിഷമെങ്കിലും ആ സ്വർഗ്ഗീയ സുഖം ഒന്നനുഭവിക്കാൻ കഴിവില്ലാതെ, നിരാശയിലും കഷ്ടപ്പാടിലുംപെട്ട് അവൾ നശിച്ചു മണ്ണടിയുന്നു. ഹോ! ജന്മിത്വം, ജന്മിത്വം, അക്രമം! അക്രമം.” അവൾ അവിടെ നിന്നെഴുന്നേറ്റു്. അവളുടെ പ്രണയവികാരം ഇന്നൊരു സമരത്തിന്റെ ആവേശമായി രൂപം പൂണ്ടു. അവൾക്കു് ധാർമ്മികമായ ഒരു കടപ്പാടുണ്ട്. അവളെപ്പോലെ പുരുഷന്മാർ ഏൾക്കാതെ തുരുമ്പുപിടിച്ചു കിടക്കുന്ന സ്ത്രീത്വത്തെ തട്ടിയുണർത്തുക. ഭാവി തലമുറകൾക്കെങ്കിലും ഇത്തരം ഒരനുഭവം ഉണ്ടാകാനിടം കൊടുക്കാതിരിക്കുക!! അവൾ എഴുന്നേറ്റു ധൃതിയിൽ പാഞ്ഞുപോയി.

* * * * *

ആളുകൾ ധൃതിയിൽ പായുന്നു. ആ നഗരത്തിലെ ഒരു വലിയ ആൾക്കൂട്ടം. എല്ലാം സ്ത്രീകൾ മാത്രം. നീണ്ടു വിശാലമായ മൈതാനം. ആളുകൾ ലക്ഷക്കണക്കിന് കുത്തിക്കൂനിയിരിക്കുന്നു. നടുക്ക് ഒരു മേശ. അതിനോടു് ചേർന്ന് ഒരു കമുകിൽ തൂക്കിയ കൊടി വളരെ ഉയർന്നു നില്ക്കുന്നു. രക്ത നിറത്തിലുള്ള ആ കൊടിയുടെ മദ്ധ്യത്ത് ഒരു പുരുഷന്റെ രൂപം വെള്ള നിറത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കൂട്ടുകാരികളെ!! മീററിംഗ്. മീററിംഗ്. പ്രസംഗം!! പ്രസംഗം!! കോമളം മേൽപ്പുറത്തുനിന്നു വിളിച്ചു പറയുകയാണ്.

പുരുഷന്മാരെ പങ്കിട്ടനുഭവിക്കുക. ജന്മിത്വം അവസാനിപ്പിക്കും. മരണം വരെ സമരം. പെൺ സന്താനങ്ങളെ നിയന്ത്രിക്കുക! പെണ്ണുങ്ങളേ!!

നമുക്ക് ഒന്നടങ്കം വിളിച്ചുപറയാം. “പുരുഷന്മാരെ ഞങ്ങൾക്കും കിട്ടണം” ‘ഒരു സ്ത്രീക്ക് 1/10 പുരുഷൻ.’ ‘പുരുഷന്മാരെ ദേശീയമാക്കുക’

“ഇൻക്വിലാബ്” “സിന്ദാബാദ്”

ഒരേ സ്വരത്തിൽ അവിടാകമാനം അത്തു് മാറെറാലികൊണ്ടു.

സന്ദർശിക്കുവിൻ!

നെടുമങ്ങാട്ട് പഴകുററി ജംഗ്ഷനിൽ 125 ധനു 20-ാംതീയതി ഉൽഘാടനസുദിനം. പലതരത്തിലുള്ള സാരികൾ, കസവുവേഷ്ടികൾ, നേര്യതുകൾ, തോർത്തുകൾ, ചീട്ടിത്തരങ്ങൾ, ഷർട്ടിംഗ്, കോട്ടിംഗ് തുടങ്ങിയ തുണിത്തരങ്ങൾ ആവശ്യമുള്ളവർക്കു് മിതമായ വിലയ്ക്കു് ഇവിടെ കിട്ടുന്നതാണ്.

പ്രൊ, ബി. പുഷ്പാംഗദപ്പണിക്കർ,

പഴകുററി, നെടുമങ്ങാട്ട്.

# അന്നത്തെ ബസ്സയാത്ര

## ജഡായു

നാല് വർഷത്തിനു മുമ്പുള്ള ഒരു സംഭവമാണ് ഞാൻ പറയുന്നതു്. അച്ഛനു സുഖക്കേടു കൂടുതലാണെന്നു ഫോൺ സന്ദേശം കിട്ടിയതനുസരിച്ചു് കഴിയുന്നതും വേഗം വീട്ടിലെത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി വൈകുന്നേരം ആഫീസിൽ നിന്നിറങ്ങി. അന്നു ഇന്നത്തെപ്പോലെ തന്നെ ബസ്സയാത്ര അപകടം നിറഞ്ഞതും ക്ലേശപൂർണ്ണവുമായിരുന്നു. ബസ് കയറാനുള്ള ഇടിയും തള്ളലും അനുഭവിച്ചറിയേണ്ട ഒരു ആപത്തു തന്നെയാണ്. ട്രാൻസ്പോർട്ട സിൽബന്ധികളുടെ ഉത്തരവാദിത്വമില്ലായ്മ ഇന്നത്തേതിൽനിന്നു് ഒട്ടും വിഭിന്നമായിരുന്നില്ല അന്നും.

എന്റെ കയ്യിൽ ഒററ ഒരു രൂപാ നോട്ടും ഏതാനും ചില്ലറ ചക്രവും മാത്രമേ ഉണ്ടായിരുന്നുള്ളു. ജൂബ്ബായുടെ ഇരുവശവുമുള്ള പാക്കററുകളിൽ ഏതാനും എഴുതിയ കടലാസുകൾ ഇട്ടിരുന്നു. നേർത്ത തുണി ആയിരുന്നതുകൊണ്ടു് ആ കടലാസുകളുടെ വടിവു പുറമേ തെളിഞ്ഞു കാണാമായിരുന്നു. ആഫീസിൽ നിന്നു് ഇറങ്ങി ഞാൻ അതിവേഗം നടന്നു. കാഴ്ചബംഗ്ലാവിനകത്തു ബാൻഡുമന്ദിരത്തിൽ ഘടിപ്പിച്ചിരിക്കുന്ന പ്രക്ഷേപിണി വഴി തിരുവനന്തപുരം റേഡിയോ നിലയത്തിലെ ചില പരിപാടികൾ കറ കറ ശബ്ദത്തിൽകൂടി പുറത്തുവന്നുകൊണ്ടിരുന്നു. ശ്രദ്ധിച്ചപ്പോൾ മുഷ്ണൻനായരുടെ രസമില്ലാത്ത ചില സാഹിത്യശകലങ്ങളായിരുന്നു എന്നു മനസ്സിലായി, തിരിഞ്ഞുനിൽക്കാതെ നടന്നു: ആഫീസ് വിട്ടുവരുന്ന ലേഡീ സമൂഹത്തെ കടാക്ഷങ്ങളെറിഞ്ഞു് വശപ്പെടുത്തുന്നതിനായി ചില യുവ വക്കീലന്മാർ പതിവുപോലെ മ്യൂസിയം മുക്കിൽ തടിച്ചുകൂടിയിട്ടുണ്ടായിരുന്നു അവരുടെ ഇടയിൽ അലസനായി ശ്രദ്ധിച്ചുകൊണ്ടുനിന്ന ഒരു യുവാവു് എന്നെ അനുഗമിച്ചു. ഞാൻ തിരിഞ്ഞുനോക്കി. അയാൾ പരിചയഭാവം നടിച്ചു് ആചാരം ചെയ്തു. ഞാൻ പ്രത്യുപചാരം ചെയ്തു. യുവാവു് വേഗം നടന്നു് എന്റെ സമീപം എത്തി. ശ്മശ്രു വളർത്തിയ മുഖവും സ്വർണ്ണം കെട്ടിയ പല്ലും കക്ഷത്തു് ഒരു കെട്ടു കടലാസും കണ്ടപ്പോൾ……വിനോദമാസികയുടെ ചീഫ് ഏജൻറു് കൃഷ്ണൻനായരാണെന്നു എനിക്കു മനസ്സിലായി. പ്രസരിപ്പുള്ള ഒരു യുവാവാണെങ്കിലും പ്രസിദ്ധീകരണത്തെ പേടിച്ചു് പലരും അയാളെ അകററിനിർത്തിയിരിക്കുകയാണ്. "ചേട്ടാ സ്വന്തമായി ഞാനൊരു മാസിക തുടങ്ങാൻ തീർച്ചപ്പെടുത്തി. അസത്യത്തേയും അധമ്മത്തേയും ഞാൻ പേടികൂടാതെ എതിക്കും. കാൺഗ്രസിന്റെയും ഗവർമ്മെണ്ടിന്റെയും കുററവും കുറവും ഞാൻ വിളിച്ചുപറയും. പു: സ: ക്കാരന്റെ പുഴക്കത്തും, ചെറുകഥാകൃത്തിന്റെ കിറുക്കും, എൻ. പി. യുടെ നാടകവും, ജി. എൻ. ന്റെ പാണ്ഡിത്യവും ഞാൻ ആക്ഷേപിക്കും. അതുകൊണ്ടു് എന്റെലേഖകനായിരിക്കാമോ" കൃഷ്ണൻനായർ ഒറ്റ ശ്വാസത്തിൽ ചോദിച്ചു. "ആലോചിക്കാം" ഞാൻ പ്രതിവചിച്ചു. "ആലോചിച്ചാൽ പോരാ, ചൂടുള്ള ഒരു ലേഖനം ഉടൻ തയാറാക്കി

തരുമോ അതാണെനിക്കു് അറിയേണ്ടതു്." കൃഷ്ണൻനായർ പറഞ്ഞു. ക്ലേശകരമായ അനവധി കാര്യങ്ങൾക്കിടയിൽ സാഹിത്യവും കൊണ്ടിരിക്കുന്നതിനു സമയമില്ലെന്നു് ഞാൻ സവിനയം മറുപടി പറഞ്ഞു. "എങ്കിൽ ആ പ്രണയകഥ ഞാൻ അടുത്ത ലക്കത്തിൽ പ്രസിദ്ധപ്പെടുത്തും" ഏജൻറു് ഇങ്ങനെ എന്നെ പേടിപ്പിച്ചു. ഞാനൊന്നു നടുങ്ങി. ആവശ്യപ്പെടുന്നതുപോലെ എഴുതിക്കൊടുക്കാം എന്നും ആക്ഷേപകരമായ ലേഖനങ്ങൾ പ്രസിദ്ധീകരിക്കരുതെന്നും ഞാനപേക്ഷിച്ചു. അയാൾ സന്തോഷിച്ചു് തിരിച്ചുപോയി.

ഞാനതിവേഗം അവിടെനിന്നും നടന്നു. നേരം വൈകി. റോഡ് ജനനിബിഡമായിരുന്നു. അതിനിടയിൽ പലമാതിരി വാഹനങ്ങളുടെ ക്രമംകെട്ടുള്ള പാച്ചിൽ. കണ്ണുതെററിയാൽ കാലൊടിയും എന്ന മട്ടാണു്. ഒരുവിധം അരികുപററി ഞാൻ അതിവേഗം നടന്നു. പതിവായി പാളയത്തിൽവച്ചു് കണ്ടു സലാം വയ്ക്കുന്ന ഒരു മൂകജീവി ഉണ്ടു്. ബസ്സു വന്നു നില്ക്കുമ്പോൾ അതിൻെറ ട്രാപ്പിൽ ചാടികയറി ആരുടെ വകയായാലുംശരി അനുവാദംകൂടാതെ ഒരു ചുമടു വലിച്ചു് എടുത്തു് തലയിൽ ചുമന്നുകൊണ്ടു് അവൻ താഴെയിറങ്ങും. ഉടമസ്ഥൻ അവനെ തേടിപ്പിടിച്ചു് ആംഗ്യഭാഷയിൽ സ്ഥലം പറഞ്ഞുകൊടുത്താൽ പിന്നീടു് പൊട്ടൻ ചുമട്ടുകാരൻെറ പിന്നാലെ യാത്രക്കാരൻ ഓടിയെങ്കിൽമാത്രമെ വീട്ടിലെത്താൻ സാധിക്കുകയുള്ളു. എന്നാൽ സാധാരണ പോർട്ടർമാരുടെ ചതിവും ധിക്കാരവും പൊട്ടൻെറ പക്കൽ ഇല്ല. കൊടുക്കുന്ന കൂലി സന്തോഷമായി വാങ്ങിച്ചു് തൃപ്തിപ്പെടും. തിരിച്ചുപോരുമ്പോൾ ഒന്നുകൂടി സലാം വയ്ക്കും. കിട്ടിയ ചക്രത്തിനെ കൂട്ടുകാരെ കാണിക്കും. കടല മേടിക്കും; പാകുവയ്ക്കും; കൊറിയ്ക്കും. ഞാൻ അവനെ അന്നു് കാളേജുമുക്കിൽവച്ചു കണ്ടു. എന്നെ നോക്കി റെഡിയായി ഒരു സലാം വച്ചു. ഞാൻ തിരിഞ്ഞുനിന്നു. സാധു ചെകിടൻ അവൻെറ ഒട്ടിയ വയറിനെ തൊട്ടുകാണിച്ചുകൊണ്ടു് അന്നു് ഒന്നും കിട്ടിയില്ലെന്നു ആശ്യം കാണിച്ചു. എനിയ്ക്കു കാര്യം മനസിലായി. കയ്യിലിരുന്ന ചില്ലാ ചക്രം, പത്തോ പതിനൊന്നോ ഉണ്ടായിരുന്നതു് അവനു കൊടുത്തു. അവൻ ആർത്തിയോടെ കൈരണ്ടുംനീട്ടി അതു മേടിച്ചെണ്ണിനോക്കി. അവൻെറ മുഖത്തു പലമാതിരി വികാരങ്ങൾ ഉണ്ടായി മറയുന്നതു ഞാൻ കണ്ടു. നിഷേധരൂപത്തിൽ തലയാട്ടി, മൂകഭാഷയിൽ മൂളലുകളും ഞരങ്ങലുകളും കൊണ്ടു് അവൻ മുറുമുറുത്തു. "ഇനി എൻെറ കയ്യിൽ ചില്ലറ ഇല്ല" എന്നു ഞാൻ പറയുകയും അഭിനയിക്കുകയും ചെയ്തു. എന്നാൽ അവനെന്നെ അറിയിച്ചതു് അപ്രകാരമല്ലായിരുന്നു. അവനു നാലു ചക്രം മതി. മിച്ചം ഉള്ളതു ഞാൻ തിരിച്ചുമേടിക്കണം. അതാണു് അവൻെറ അപേക്ഷ. "നീയെടുത്തുകൊള്ളുക" എന്നു ഞാൻ പറയുകയും കൈകാണിക്കുകയും ചെയ്തു. എന്നാൽ അവനെന്നെ വിട്ടില്ല. നാലുചക്രം മാത്രം എടുത്തുകൊണ്ടു് ബാക്കി എനിക്കു വച്ചുനീട്ടി അവൻ എന്നെ പിൻതുടന്നു. അങ്ങനെ മിച്ചമുള്ളതു തിരിച്ചു വാങ്ങിക്കാൻ ഞാൻ ഒടുവിൽ നിർബന്ധിതനായി. അവൻെറ സന്തോഷപ്രകടനം കാണേണ്ടതായിരുന്നു. സലാം വച്ചുകൊണ്ടു് അവനവിടെ നിന്നു; ഞാൻ നടന്നു.

ഞാൻ പുത്തൻചന്തയിൽ എത്തി മാവിൻചുവട്ടിൽ പച്ച സി. ഐ. ഡി. ക്കാരും ററൗൺ ബസ്സ് പ്രതീക്ഷിക്കുന്നവരും നിന്നിരുന്നു. ഒരു

വാർ സർവ്വീസുകാരൻ യുവാവ് ഓടിവന്നു. അയാളെ എനിക്ക് പരിചയമുണ്ട്. എന്നാൽ ആളിനെ നല്ലപോലെ അറിയുകയില്ല. അയാൾ മന്ദസ്മിതം തൂകി അടുത്തണഞ്ഞു. ഞാനും പരിചയഭാവം നടിച്ച് അല്പം നിന്നു.

ഞാൻ— ഇപ്പോൾ എവിടെയാണ്?

യുവാവ്—ബർമ്മയിലായിരുന്നു. ഡിസ്ചാർജ്ജിൽ വന്നിരിക്കുകയാണ്.

ഞാൻ— സുഖം തന്നെയാണല്ലോ?

യുവാവ്—ഒരുവിധം; ഒരു സഹായം വേണ്ടിയിരിക്കുന്നു. എവിടെയെങ്കിലും ഒരു ഉദ്യോഗം തട്ടിയെടുക്കണം. കുറച്ചു രൂപ മുടക്കിയാലും തരക്കേടില്ല.

ഞാൻ— അതിനിപ്പോൾ വിഷമമാണ്.

യുവാവ്—ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ അതിനു സൗകര്യമുണ്ടെന്നറിഞ്ഞു.

ഞാൻ— മറുപടി പറഞ്ഞില്ല. കയ്ക്കൂലി കൊടുത്തുദ്യോഗം സമ്പാദിക്കുന്ന ഒരു പതിവ് നഗരത്തിൽ സാധാരണയാണ്. ഉദ്യോഗം കൊടുക്കുന്നവർ കയ്ക്കൂലിക്കാര്യം ഒരു പക്ഷെ അറിയുന്നില്ലായിരിക്കും. മദ്ധ്യസ്ഥന്മാർ അങ്ങനെ മിടുക്കോടുകൂടി മുതലെടുക്കുകയാണ്. ഖദർ ഉടുപ്പുകാർ കയ്ക്കൂലിയും കരിഞ്ചന്തയും വർദ്ധിപ്പിച്ചതു് ഈ തരത്തിലാണ്. കാൺഗ്രസ്സ് ഗുണ്ടാകളെ ഉദ്യോഗസ്ഥന്മാർ പേടിക്കേണമല്ലോ. യുവാവിനോടു മറുപടി പറയുവാൻ വിഷമിച്ചു നില്ക്കുന്ന സമയത്തു് വേറെ രണ്ടു ചെറുപ്പക്കാർ എന്നെ സമീപിച്ചു. വാർ സർവ്വീസുകാരനെ ഒഴിച്ചുവിടാൻ അതൊരു സുവർണ്ണാവസരമായി ഞാൻ കരുതി. "നമുക്കു പിന്നെ കാണാം" എന്നു യുവാവിനോടു പറഞ്ഞിട്ട് പുതിയ കൂട്ടുകാരോടു ഞാൻ കുശലപ്രശ്നം തുടങ്ങി.

പുതിയ സ്നേഹിതന്മാർ ഒരു ഗ്രാൻറ് സ്ക്കൂളദ്ധ്യാപകനും ഒരു വായനശാലാ സെക്രട്ടറിയുമാണ്. അവർ എന്നെ അന്വേഷിച്ച് നടക്കുക ആയിരുന്നു. എന്നു പറഞ്ഞു് വിശേഷമെന്തെന്നു ഞാൻ ചോദിച്ചു. അവരുടെ വായനശാലാവാർഷികം അടുത്ത മാസത്തിൽ നടത്താൻ ഉദ്ദേശിക്കുന്നു എന്നും അതു് ഏതുവിധവും ഭംഗിയാക്കാൻ എൻെറ സഹായസഹകരണം വേണമെന്നും അറിയിക്കുവാനാണ് അവർ എന്നെ അന്വേഷിച്ചതു്.

ഞാൻ—സന്തോഷം. ഞാനെന്താണു വേണ്ടതു്

അദ്ധ്യാ—സാറിൻെറ ഒരു പ്രസംഗം വേണം.

സിക്ര— സാറിൻെറ ഒരു പ്രഹസനം ഞങ്ങൾക്കു വേണം.

അദ്ധ്യാ—പ്രസംഗം പുരോഗമനോന്മുഖമായിരിക്കണം. ഞങ്ങളുടെ സ്കൂൾ ഇനിയും ഗവർമ്മെണ്ട് ഏറ്റെടുക്കാത്തതിൽ വിദ്യാഭ്യാസഡയറക്ടറെ തെറിപറയണം.

സിക്ര— പ്രഹസനം പുതിയതായിരിക്കണം. വായനശാലാ ഗ്രഡേഷൻ കമ്മിററി ഗ്രാൻറു കൊടുക്കുന്നതിൽ ശുപാർശ ചെയ്യുന്നതിൽ കാണിച്ച ക്രമക്കേടിനെ അപലപിക്കണം.

അദ്ധ്യാ—ഡക്ടർ കോശിയെ വളരെ ആക്ഷേപിക്കണം.

സിക്ര— സി. നാരായണപിള്ളയെ നാടകവേദിയിൽവച്ചു് അലക്കണം.

രണ്ടുപേരുംകൂടി—അതുകൊണ്ടു്, സാർ, ഒട്ടും ഉപേക്ഷ വിചാരിക്കരുതു്.

ഞാൻ— എനിക്ക് തീരെ സമയം കിട്ടുന്നില്ല. വിശേഷിച്ചും അഛനു സുഖമില്ലാതെ

കിടക്കുകയാണു്.

അദ്ധ്യാ—അയ്യോ, അതൊന്നും പറഞ്ഞാലൊക്കുല്ലാ. പ്രസംഗിച്ചേ മതിയാവൂ.

സിക്രു— ആരു സുഖക്കേടായി കിടന്നാലും വേണ്ടില്ല, പ്രഹസനം എഴുതിതന്നേ മതിയാവൂ.

ഞാൻ— ശരി, ഞാൻ നോക്കട്ടെ.

അദ്ധ്യാ—പ്രസംഗത്തിന്റെ കാര്യം മറക്കരുതേ, സാർ പ്രൗഢമായ ഭാഷയായിരിക്കണം. കൊഴുപ്പു കൂട്ടാൻ ചില പദങ്ങളൊക്കെ ഞാനെഴുതിതരാം. പറയേണ്ടതൊക്കെ ഞാൻ പറഞ്ഞു തരാം.

സിക്രു— പ്രഹസനം ശൃംഗാരരസപൂർണ്ണമായിരിക്കണം. പുരോഗമനസാഹിത്യം ആയിരിക്കണം, വിപ്ലവാത്മകമായിരിക്കണം. ഞങ്ങൾക്കു കൂടി അഭിനയിക്കണം.

ഞാൻ— ശരി എനിക്കു സമയമായി. ബസ്സു തെററിയാൽ ഇന്നു പട്ടിണി ആകും നമുക്കു പിന്നെ കാണാം.

അവരെ അങ്ങനെ അകററി നടത്തയുടെ വേഗം മുറുക്കി. പല പരിചയക്കാരും എന്നെ കണ്ടു തിരിഞ്ഞുനോക്കി. ഞാൻ കാണാത്ത ഭാവത്തിൽ നടന്നു. റയിൽവേസ്റ്റേഷൻ മൈതാനത്തു് കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ ഒരു യോഗം നടക്കുകയായിരുന്നു. ട്രാൻസ്പോർട്ടു് ജീവനക്കാർ പണിമുടക്കണമെന്നും, എങ്കിൽ മാത്രമേ ഗവമ്മെണ്ടിനെ മര്യാദ പഠിപ്പിക്കാൻ സാധിക്കുകയുള്ളു എന്നും തുടങ്ങിയ തീപ്പൊരി പ്രസംഗങ്ങൾ ഉച്ചഭാഷിണിവഴി നഗരമെങ്ങും മാറ്റൊലിക്കൊണ്ടു. പാവപ്പെട്ടവനുവേണ്ടി പ്രാസംഗികന്മാർ മുതലക്കണ്ണുനീർ പൊഴിക്കുന്നുണ്ടു് സ്ഥിതിസമത്വത്തിനുവേണ്ടി സഖാക്കൾ സമരാഹ്വാനം നടത്തുന്നുണ്ടു്. വ്യക്തിവിദ്വേഷത്തിൽ അടിയുറച്ച അസംതൃപ്തി, ജീവിതത്തിലെ പരാജയം കൊണ്ടുള്ള നിരാശ, പേരും പെരുമയും ഉണ്ടാകാനുള്ള വെമ്പൽ ഇവ സമ്മേളിച്ചുള്ള പ്രചണ്ഡഭാഷണങ്ങൾ ഇൻക്വിലാബ് വിളികൾക്കിടയിൽ ഉച്ചത്തിൽ കേൾക്കുന്നുണ്ടു്. ഒരു സോവ്യററു സാമ്രാജ്യം തമ്പാന്നൂർ മൈതാനത്തു് അപ്പോൾ സ്ഥാപിക്കാനുള്ള സംരംഭമാണതെന്നു തോന്നിപ്പോകും. ലാത്തിധാരികൾ വാനുകളിൽ ചുററിക്കറങ്ങുന്നുണ്ടു്. സമ്മാനം കിട്ടാനുള്ള സകല സൗകര്യങ്ങളും നാക്കിന്റെ നെറികേടുകൊണ്ടു സഖാക്കൾ വരുത്തിത്തുടങ്ങി. അധികസമയം അങ്ങനെ അവിടെ നോക്കി നിൽക്കുന്നതു ദേഹവാക്കിനു പിടിച്ചതല്ലെന്നു തോന്നി ഞാൻ ക്യൂ സിസ്റ്റത്തിൽ അച്ചടക്കം പാലിക്കാൻ ബദ്ധശ്രദ്ധനായി.

ബസ്സുകളുടെ കുറവും യാത്രക്കാരുടെ കൂട്ടതലും നിമിത്തം തമ്പാന്നൂർ ബസ്സ്സ്റ്റേഷനിൽ ചില നിയന്ത്രണങ്ങളുണ്ടാക്കിയിട്ടുണ്ടു്. ക്യൂസിസ്ററം ആചരിക്കാനും, ഡിസിപ്ലിൻ അനുസരിയ്ക്കാനും അഴിയും പോലീസും ഉണ്ടെങ്കിലും അനീതിയും ശുപാർശയും കരിഞ്ചന്തയിൽ ടിക്കററു് കൊടുപ്പും അവിടെ ധാരാളം ഉണ്ടു്. കെട്ടും ചുമടും ഭേസിക്കൊണ്ടു് ആണും പെണ്ണും അണിനിരന്നു് ചതുരത്തിലും വൃത്തത്തിലും വരിവച്ചു് വളഞ്ഞും പുളഞ്ഞും വിയത്തു വാടി ടിക്കററിനുവേണ്ടി കാത്തുനിൽക്കുമ്പോൾ അകത്തു പ്രത്യക്ഷപ്പെടുന്ന വണ്ടികളിൽ യാത്രക്കാർ നിറഞ്ഞിരിക്കുതു കാണാം. ഏതുവഴി പ്രവേശിച്ചു എന്നോ, എപ്പോൾ ബസ്സിൽ സ്ഥലം പിടിച്ചു എന്നോ അജ്ഞാതമാണു്; അന്വേഷണം വ്യർത്ഥവ്യായാമവുമാണു്.

ഇനി ഒരു വണ്ടിമാത്രമെ ഉള്ളു. ഏകദേശം അഞ്ഞൂറിൽചരം ആളുകൾ സ്ത്രീപുരുഷഭേദംകൂടാതെ ടിക്കററു വാങ്ങാൻ അണിനിരന്നിട്ടുണ്ടു്. ഞാനും അണിയിൽ അണഞ്ഞു. ടിക്കററു കൊടുത്തുതുടങ്ങിയെന്നു് അണിയുടെ അനക്കംകൊണ്ടു് അറിയാൻ കഴിഞ്ഞു. സിററിംഗും സ്റ്റാൻറിംഗും സീററുകൾ ഉൾപ്പെടെ ആകെ നാല്പതുപേർക്കു സഞ്ചരിക്കാവുന്ന ഒരു ബസ്സാണു് അകത്തു വന്നിട്ടുള്ളതു്. അണിയിൽ അക്ഷമരായി അച്ചടക്കം പാലിക്കുന്ന മറെറല്ലാവരും ആവശ്യക്കാരുമാണു്. ആദ്യമായി സ്ത്രീകളെ അകത്തു വിടുന്നതിനു് കാവൽക്കാർ കനിഞ്ഞു; സ്ത്രീകളോടുകൂടിയുള്ള പുരുഷന്മാരെയും സ്ത്രീകളുടെ കൂട്ടുകാരാണെന്നു് കള്ളം പറഞ്ഞു തള്ളുന്നവരെയും ഞെരുക്കി അകത്തു വിട്ടു. വാതലിൽ പാതിഭാഗം അടച്ചിട്ടു് പടിയിൽ കാൺസ്റ്റബിളും അരുകിൽ ഡിപ്പാർട്ടുമെൻറു സിൽബന്ധിയും നിന്നു നിയന്ത്രിക്കുന്നതിനിടയിൽക്കൂടി സ്ത്രീസമൂഹം കടന്നുപോകുന്ന കാഴ്ച കാണേണ്ടതുതന്നെയാണു്. അരമണിക്കൂർ സമയംകൊണ്ടു് ഞാനും ബുക്കിംഗ് ജന്നലിനരുകിൽ എത്തിച്ചേർന്നു. കയ്യിൽ മുറുക്കിപ്പിടിച്ചിരുന്ന ഒററ രൂപ നോട്ടു് വിയർപ്പിൽ നനഞ്ഞിരിക്കുകയാണു്. അനവധി കൈകൾക്കിടയിൽക്കൂടി എൻെറ കയ്യും കിളിക്കൂട്ടിനുള്ളിൽ കടന്നു. സ്ഥലനാമം പറഞ്ഞു കൺഡക്ടർ നോട്ടുമേടിച്ചു് ഒരു ടിക്കററും തന്നു് ബാക്കി അതിലെഴുതിയിട്ടുണ്ടെന്നു അദ്ദേഹം സഗൗരവം പറഞ്ഞു. വളരെ സമയത്തെ വടംവലിക്കുശേഷം ഞാൻ കൈ പുറത്തെടുത്തു. ഒരുവിധം ബസ്സിനുസമീപം എത്തി. വിറകുകച്ചവടക്കാർ പിടിപിടിയായി വിറകുകെട്ടി വരിവരിയായി വണ്ടിയിൽ അടുക്കിവച്ചിരിക്കുന്നതുപോലെ ബസ്സിനകത്തു മനുഷ്യരെ അടുക്കിയിട്ടുണ്ടു്. ഒരു സൂചി കടത്താൻ സ്ഥലം അതിൽ ശേഷിച്ചിട്ടില്ല. ഏതാണ്ടു് മുപ്പതോളം ആളുകൾ ഇനിയും ബസ്സിൽ കയറാനുണ്ടു്. വണ്ടിയ്ക്കകത്തു് പലമാതിരി ബഹളം കുഞ്ഞുങ്ങളുടെ കരച്ചിൽ, പെണ്ണുങ്ങളുടെ മൂളൽ ആണുങ്ങളുടെ അലർച്ച എന്നുവേണ്ട ഹൃദയശൂന്യതയ്ക്കുമാത്രമേ അതൊക്കെ കാണാനും കേൾക്കാനും കഴിയുകയുള്ളു.

ഞാൻ യാദൃച്ഛികമായി ജൂബ്ബായുടെ പാക്കററിൽ കയ്യിട്ടു. പാക്കററിൽ ഇട്ടിരുന്ന കടലാസുകൾ കാണുന്നില്ല. പാവം, പാക്കററടിക്കാരൻ വെറും എഴുത്തുകൾ കൊണ്ടു കടന്നു. സൗകര്യമായി അവനതു പരിശോധിക്കട്ടെ.

ടിക്കററു വില്പന തീർന്നു് കൺഡക്ററർ ബസ്സിനു സമീപം വന്നു നിന്നു. മുഴുവൻ കാക്കിയിൽ പൊതിഞ്ഞ ഒരു യുവാവു്. നീണ്ടമീശയുണ്ടു്. റാക്കും, തോൽ സഞ്ചിയും വിസിലും ഉണ്ടു്. ഒരു പക്ഷെ ബി. ഏ. ജയിച്ചിട്ടുമുണ്ടു്. അയാൾ ബസ്സിനെ നോക്കി പറയുകയാണു് "അങ്ങോടൊന്നു നീങ്ങി നിന്നെ." രണ്ടു മൂന്നു തവണ ആ വാചകം തന്നെ ആജ്ഞാസ്വരത്തിൽ അയാൾ ആവർത്തിച്ചു. അനുസരണ കാണാത്തതുകൊണ്ടു് അയാളുടെ ക്ഷമ അസ്തമിച്ചു. കോപത്തോടുകൂടി അയാൾ ബസ്സിൽ കയറി. ജനക്കൂട്ടത്തെ ഒന്നു തള്ളി നീക്കി. പല ദീന പ്രലപനങ്ങളും അവിടെ കേട്ടു. സംസ്കാരസമ്പന്നനായ ആ ധീര യോദ്ധാവു് ബസ്സിനകത്തു നിന്നു തിരിഞ്ഞും ഷൂസിട്ടു ചവിട്ടിയും പലരെയും ഗളഹസ്തം ചെയ്തും ഭുജം കൊണ്ടിടിച്ചും ബസ്സിൽ സ്ഥലമുണ്ടാക്കി. വെളിയിൽ നിന്ന ആളുകളെയും സ്റ്റാഫിനെയും അതിനുള്ളിലാക്കി വിസ്സിലടിച്ചു.

ഒരു ഭയങ്കര ശബ്ദത്തോടെ ബസ്സുരുണ്ടു് നീങ്ങി. ജനാവലി വീർപ്പുമുട്ടി വിയത്തൊഴുകി. കാററുകിട്ടാൻ പലരും കൊതിച്ചു. വളവും തിരിവും കണക്കാക്കാതെ വണ്ടി അതിവേഗം പാഞ്ഞു. പല സ്ഥലത്തും പലരും ഇറങ്ങി. അപ്പോഴൊക്കെയും ബസ്സിൽ ഞെരുക്കം കൂടുത

വിനോദ കഥ.

# സ്വർണ്ണപ്പല്ല്

"അല്ല—ആരുപറഞ്ഞെടാ. നിന്റെ ക്രൂടെയിക്കള്ളം ആരു പറഞ്ഞെന്നാണ് ചോദിക്കുന്നതു്?........."

ചാക്കോച്ചന്റെ തോളിൽ ഉറക്കെ അടിച്ചുകൊണ്ടു് സഖാവു് കുട്ടപ്പൻ പ്രക്ഷുബ്ധനായ് ചോദിച്ചു.

"ആരുപറഞ്ഞു നിന്റെക്രൂടെ ഈ പെരും കള്ളങ്ങൾ"

---

ലായി. പള്ളിപ്പുറംകുന്നിൽ വട്ടപ്പറങ്കിമാവിൻ മൂട്ടിൽ വണ്ടി എത്തി. ഒരു ഭയങ്കര ശബ്ദം. പിടിച്ചുപറിക്കാരുടെ കേന്ദ്രമാണവിടമെന്നു് യാത്രക്കാർ കേട്ടിട്ടുണ്ടു്. അവർ ദയനീയമായി മുറവിളിച്ചു. വണ്ടി വഴിയരുകിൽ അലഞ്ഞുലഞ്ഞു നിന്നും പരിശോധിച്ചതിൽ ഒരു ട്ടയർ പഞ്ചറായതായിരുന്നു.

വിജനമായ സ്ഥലം, വെറുക്കപ്പെട്ടഭണ്ഡ സമയം, രാത്രി ഒടുവിലത്തെ ബസ്സ്. യാത്രക്കാർ വിഷമിച്ചു. കൺഡക്റ്റർ ശ്ശൂളം വിളിച്ചു കൊണ്ടു് റോഡരുകിൽ ഇരുന്നു വണ്ടിയിൽ നിന്നും ഓരോരുത്തരായി ഇറങ്ങി. പടിഞ്ഞാറു ചക്രവാള സീമയിൽ പൊന്തിക്കാണുന്ന അറബിക്കടലിനെ കണ്ടു രസിക്കാൻ തുടങ്ങി. ഡ്രൈവർ എങ്ങോട്ടു പോയി എന്നറിഞ്ഞില്ല. ഡ്രൈവറും അന്വേഷിച്ചതിൽ അയാളുടെ ഭാര്യവീട് അതിനടുത്താണെന്നു് അറിഞ്ഞു. അടുത്ത സൂര്യോദയം വരെ ഞങ്ങൾ അങ്ങനെ ആകാശത്തു നോക്കി ഇരുന്നു. ആലോചിക്കാൻ പലതുമുണ്ടായിരുന്നു.

പാവം ചാക്കോച്ചൻ:—അവൻ അമ്പരന്നുനിന്നുപോയി. അവൻ ഒന്നും പറഞ്ഞില്ല. എന്നിട്ടും സഖാവു് പറയുന്നു അവൻ എന്തോ പറഞ്ഞെന്നു്. സഖാവിനു് ഭ്രാന്തു് പിടിപെട്ടോ എന്നു് സംശയിച്ചുകൊണ്ടു് ചാക്കോച്ചൻ ആകാശത്തും ഭൂമിയിലും മാറിമാറി നോക്കി നിൽക്കുകയായിരുന്നു. അപ്പോൾ ഞാനും അവരുടെ അടുത്തെത്തി. ആ:കമ്മ്യൂണിസ്റ്റ് നേതാവു് എന്നെ നോക്കി ചിറി ഒരു വശത്തോട്ടു കോട്ടി. ഒന്നു് ഊറിയൂറി ചിരിച്ചുകൊണ്ടു് പറഞ്ഞു:—

നോക്കണം സഖാവെ! ഇവൻ പറയുന്നതു കേട്ടോ? ഞാൻ സ്വപ്നത്തിൽപോലും വിചാരിച്ചതല്ല. എന്നിട്ടു പറഞ്ഞുപരത്തുന്നതു കണ്ടില്ലേ പെരും കള്ളങ്ങൾ!—(ചാക്കോച്ചന്റെ നേക്കുതിരിഞ്ഞു്) എടാ!-ചാക്കോച്ചാ നിന്റെ ക്രൂടെയാണു് ഞാൻ ചോദിക്കുന്നതു്. ആരുപറഞ്ഞെടാ നിന്റെക്രൂടെ ഈ നുണ?-വേഗം പറ അല്ലെങ്കിൽ നിന്റെ അസ്ഥിക്രൂടത്തിന്റെ ലിവറിനെ ഞാൻ തകർത്തുകളയും."

സഖാവു്, ചാക്കോച്ചന്റെ നേർക്കു്, മുഷ്ടി ചുരുട്ടിക്കൊണ്ടടുത്തു. ഞാൻ പിടിച്ചു വിലക്കി. ചാക്കോച്ചനു് രോഗം മനസ്സിലായി. അവൻ എന്നെ നോക്കി എന്തോ കണ്ണു കാണിച്ചു.

സഖാവു് കുട്ടപ്പനെ കണ്ടാൽ, റഷ്യയിലോ ചൈനയിലോ ആണു് ജന്മദേശമെന്നു തോന്നും. പിത്താംകൊണ്ടു് മഞ്ഞളിച്ചു് തടിപ്പ

ച്ചുവീത്ത ശരീരം!-ജനകീയ സിഗരററിൻെറ ചുംബനത്താൽ കറുത്തു തടിച്ച ചുണ്ടുകൾ!—മങ്ങിയ കണ്ണുകൾ!—സഹാറാ മരുഭൂമിയിലെ ഈന്തപ്പനകളെപ്പോലെ, അവിടവിടെ മാത്രം രോമങ്ങൾ ഉള്ളതുകൊണ്ട് കമ്മ്യൂണിസ്ററു മീശ മാത്രം ഇല്ല. മുൻവശത്തെ രണ്ടു പല്ലുകൾ സ്വർണ്ണം കെട്ടിയതാണ്. അതുകൊണ്ടാണ് അദ്ദേഹത്തെ സഖാവ് സ്വർണ്ണപ്പല്ല് എന്നു വിളിക്കുന്നത്.

"സഖാവ് പേടിക്കാതെ നിന്നു മറുപടി പറയണം. ഇവർ എന്താണ് പറഞ്ഞു പരത്തിയത്?—"

ഞാൻ സമാധാനപൂർവ്വം ചോദിച്ചു.

"ഇവർ പറയുന്നതെന്തെന്നോ?—ഞാൻ ഒരു കരിങ്കാലിയാണെന്ന്. ഇന്നത്തെ മുതലാളിത്ത ഗവർമ്മെൻറിൻെറ ചെരിപ്പുനക്കിയാണെന്ന്-പോരേ! എന്നെയോ, എൻെറ പെമ്പറന്നവരെയോ ചീത്തപറഞ്ഞാലും, രണ്ടടി തന്നാലും സഹിക്കാം. ഇതെങ്ങനെ സഹിക്കാം. ഞാൻ ഇന്നും ഇന്നലെയുമല്ല രാഷ്ട്രീയരംഗത്ത് പ്രത്യക്ഷപ്പെട്ടത്. ജനിച്ചതുമുതൽ ഒരു തൊഴിലാളി പ്രവർത്തകനായ് സേവനംഅനുഷ്ഠിക്കുകയാണ്. സഖാവിനു് അറിഞ്ഞുകൂടെ?—"തല്ലുകൊള്ളി യൂണിയൻ എന്നേതുലഞ്ഞേനേ" ഞാനില്ലായിരുന്നെങ്കിൽ, അവൎക്ക് അവരുടെ അവകാശങ്ങൾ വാങ്ങിച്ചുകൊടുത്തത് ഞാനല്ലേ?-എത്രപ്രാവശ്യം ജയിലിൽ കിടന്നു; നിരാഹാരസത്യഗ്രഹം നടത്തി. കാലദൂതൻ നാരായണപിള്ള പാളയം ലാക്കപ്പിൽ വച്ച്, കയ്യും കാലും ചേർത്തുകൂട്ടി കെട്ടി. രണ്ടുമണിക്കൂർ നേരം ലാത്തിച്ചാർജ്ജു നടത്തിയിട്ട് അനങ്ങിയവനല്ല ഞാൻ. അങ്ങനെയൊക്കെ പൊതുജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ചിട്ടും പറയുന്നതു കേട്ടില്ലേ."

"അങ്ങനെയൊക്കെ പറയും സഖാവേ, അതിലൊന്നും അർത്ഥമില്ല.

ഞാൻ നമ്മുടെ നേതാവിൻെറ സ്ക്രൂ മുറുക്കിവിട്ടു.

"ഞാൻ ഇതൊന്നും അത്ര കാര്യമായി ഗണിക്കുന്നുമില്ല. എന്നാലും നന്ദിയില്ലായ്മയെ ചൂണ്ടികാണിക്കുകയാണ്. 1940-ൽഞാൻ റഷ്യയിൽ പോയിരുന്നപ്പോൾ സഖാവ് സ്റ്റാലിൻ എന്നോടു പറയുകയുണ്ടായി"—പൊതുജനങ്ങൾ എന്നു പറയുന്നത് കഴുതകളാണെ


## രണ്ടു സിദ്ധൌഷധങ്ങൾ

—കുഷ്ഠത്തിനും, സിഫിലിസ്സിനും—

കുഷ്ഠം ഏതവസ്ഥയെ പ്രാപിച്ചതായിരുന്നാലും പരിമിതകാലത്തെ ചികിൽസകൊണ്ട് നിശ്ചയമായും ഭേദപ്പെടുത്തുവാൻ കഴിയും.

—സിഫിലിസ്ററു് (ലിംഗവ്രണം—

എത്ര വർദ്ധിച്ചതായാലും ഏഴുദിവസത്തെ ചികിൽസകൊണ്ട് പരിപൂർണ്ണസുഖം ഉണ്ടാക്കാൻ സാധിക്കുന്നതാണ്.

N. B. രോഗികൾ വൈദ്യനെ നേരിട്ടുകാണേണ്ടതാണ്.

എൻ. വേലായുധൻ വൈദ്യൻ, ആരോഗ്യദായിനി വൈദ്യശാല.

H. O. അവനവൻചേരി B. O. ആററിങ്ങൽ

ണു്." അതെത്ര വാസ്തവം-റഷ്യൻ സഖാവു് സ്റ്റാലിൻ ഒരു അറിഞ്ഞ കള്ളൻ തന്നെയാണു്. സംശയമില്ല."

"അതേ—അതേ" ഞാനും തട്ടിവിട്ടു. തല്ലുകൊള്ളി യൂണിയൻ സെക്രട്ടറി, സഖാവു് കുട്ടപ്പൻെറ പ്രസംഗം ആസ്പദിക്കുന്നതു് വരിക്കച്ചക്കച്ചുളയിലെ തേൻ ഉറിഞ്ചി കുടിക്കുന്നതുപോലെ മാധുര്യമുള്ളതാണു്. അയാളുടെ പ്രസംഗം കേട്ടാൽ ചിരിക്കാത്തവരും ചിരിച്ചുപോകും അയാൾ ഒരു തനി കമ്മ്യൂണിസ്റ്റും, പു സാ. യുമാണു്. റഷ്യൻമാഡലിൽ തട്ടിവിട്ടും. പാക്കററിൽനിന്നും ഒരു ബീടിയെടുത്തുകത്തിച്ചു കുടിച്ചുകൊണ്ടു്:-

"ഞാൻ റഷ്യയിൽ വച്ചുപോലും ബീടിയെ വലിച്ചുള്ളു. എത്ര റഷ്യൻ സഖാക്കൾ നിർബന്ധിച്ചെന്നോ ഒരു സിഗരട്ടു കുടിക്കാൻ! അണയില്ലാത്തതുകൊണ്ടാണെന്നു് തെററിദ്ധരിക്കരുതു്. ജനകീയത്തിനു് വിരുദ്ധമായി പ്രവർത്തിച്ചുകൂടാത്തതുകൊണ്ടുമാത്രം.."

"സഖാവിനെ കുറച്ചുദിവസമായി കാണാറില്ല. എവിടെ അണ്ടർഗ്രൗണ്ടി(**under ground**)ൽ ആയിരുന്നോ?"

"ഛേ—ഞാൻ ജയിലിലായിരുന്നു. ഇന്നലെയാണു് ഞാൻ വിമുക്തനായതു്."

"എന്തിനു്—അന്നത്തെ ചക്ക മോഷണത്തിനോ?

"അല്ല—"

"പിന്നെ, അന്നത്തെ പ്രണയലേഖനക്കേസിനോ?

"ഏതു് പ്രണയലേഖനക്കേസ്സു്?

അന്നു് മജിസ്ട്രേട്ടിൻെറ മകൾ ആററുകടവിൽ കുളിച്ചുകൊണ്ടു നിന്നപ്പോൾ ഒരു പ്രണയലേഖനമെഴുതി ഓയിൽ പേപ്പറിൽ (**oil paper**) പൊതിഞ്ഞു് ഒഴുക്കിക്കൊടുത്തില്ലേ ആ കേസ്സു്.

"ഛേ!-ഛേ!—അതിനൊന്നുമില്ല. അതിനു വല്ലതും കേസെടുത്തിരുന്നെങ്കിൽ മജിസ്ട്രേട്ടിനേയും, അവൻെറ മകളേയും ഞാൻ ലിക്വിഡേഷനാക്കികളയുകില്ലായിരുന്നോ?

"പിന്നെന്തിനു്?......"

"കൊഞ്ചിറവിള വച്ചു് ഗവമ്മെണ്ടിനോടു പൊതുജനങ്ങൾക്കു് വിദ്വേഷവും അവജ്ഞയും ജനിക്കത്തക്കവിധത്തിൽ ഒരു പ്രസംഗം തട്ടിവിട്ടതിനു് കേസു് ചാർജ്ജ് ചെയ്തിരുന്നു. ഞാൻ 'അണ്ടർഗ്രൗണ്ടിൽ' മറഞ്ഞുകളഞ്ഞു. പോലീസുകാരും, സി. ഐ. ഡി-കളും വലവീട്ടരിച്ചുനോക്കി. എന്നെ പിടിക്കുവാൻ പക്ഷേ സാധിച്ചില്ല. 1940-ൽ റഷ്യയിൽ പോയിട്ടു വന്നതിനുശേഷം ഇതുവരെ ഞാനങ്ങോട്ടുപോയില്ല. ആയിടയ്ക്കു് സഖാവു് സ്റ്റാലിൻ സുഖക്കേടായി കിടപ്പിലായിരുന്നു. ഏതിനും റഷ്യയിൽ പോയി സ്റ്റാലിൻെറ അതിഥിയായി ഒന്നുരണ്ടുമാസം കഴിയാമെന്നു വിചാരിച്ചു്, ഏറോപ്ലയിൻ ഗ്രൗണ്ടിലെത്തിയതും പിടികൂടിയതും ഒന്നിച്ചിരുന്നു. അങ്ങനെ രണ്ടു വർഷം ജയിലിലായിപ്പോയി. അതാണു് കാണാത്തതു്."

"ഇനി പ്രവർത്തനങ്ങളൊക്കെ നിറുത്തിവച്ചോ?

"ഇല്ല ഇല്ല മരിക്കുന്നതുവരെ പ്രവർത്തിക്കും ഇന്നത്തെ മുതലാളികളെയെല്ലാം നാളത്തെ തൊഴിലാളികളാക്കും. ഇന്നത്തെ ജന്മികളെയെല്ലാം നാളത്തെ തെരുവുതെണ്ടികളാക്കും. ഇന്നത്തെ പുരോഹിതന്മാരെക്കൊണ്ടു് നാളെ അവരുടെ ദൈവങ്ങളെ അടിച്ചുടപ്പിക്കും. ഞാൻ ഇനിയും ഒരു അഞ്ചു വർഷംകൂടി ജീവിച്ചിരിക്കുമെങ്കിൽ സഖാവു് നോക്കിക്കൊള്ളണം—"

ഒന്നു രണ്ടു നിമിഷങ്ങൾ ആകാശത്തുനോക്കി, ചിന്താക്രാന്തനായി നിന്നിട്ടു് വീണ്ടും തുടന്നു:—

“ഞാൻ ഒരു കാര്യം മറന്നുപോയി. ഇന്നു രാത്രി പ്രധാനമന്ത്രി എന്നെ ഒരഭിമുഖസംഭാഷണത്തിന് ക്ഷണിച്ചിരിക്കയാണ്. അതിനു പോയേതീരു. വരണം ഒരു കപ്പ് കാപ്പി കുടിക്കാം.

തല്ലുകൊള്ളി യൂണിയൻ സെക്രട്ടറി സഖാവ് കുട്ടപ്പന്റെ ഭാര്യ വ്യഭിചാര ഫെഡറേഷൻ സെക്രട്ടറി സഖാവ് ഗോമതിയാണ്. ഗോമതിയെ ‘ബ്ളാക്കി’ലെടുത്തതാണ്. ലൈസൻസു് അനുസരിച്ചു കിട്ടിയതിന്റെ മുതലാളിത്വം മുഴുവൻ നശിപ്പിച്ച് എവിടെയോ തള്ളി. മേൽവിലാസം ചിതലുതിന്ന വേറെയും ചില മദാമ്മമാരുണ്ടായിരുന്നു. തന്റെ ഭാര്യയായിരിക്കാനുള്ള യോഗ്യത, “ഞങ്ങളെ തല്ലിയാൽ ഞങ്ങളും തല്ലും” പ്രസ്ഥാനത്തിലെ ഒരംഗത്തിനു മാത്രമേയുള്ളുവെന്ന ഉറച്ച വിശ്വാസമാണ്. ഗോമതിയെ തെരഞ്ഞെടുക്കാനുള്ള കാരണം.

ഗോമതിയുടെ അനുജത്തി സുമക്കും സെക്രട്ടറിസ്ഥാനം തട്ടിയെടുത്താൽ കൊള്ളാമെന്നു ഒരാലോചനയുള്ളതായി പത്രറിപ്പോർട്ടറന്മാർ രഹസ്യമായി വെളിപ്പെടുത്തുന്നുണ്ട്. “ചന്തക്കവി”കൾ അവളെക്കുറിച്ച് ചില പ: സ: കൃതികളെല്ലാം ഇറക്കിവിട്ടിട്ടുമുണ്ട്. അതങ്ങനെയുമാകട്ടെ. നമ്മുടെ സഖാവിന് ഈ സ്വർണ്ണപ്പല്ല് എവിടെ നിന്നു കിട്ടിയെന്നൊന്നന്വേഷിക്കാം.

സഖാവേ, ഈ സ്വർണ്ണപ്പല്ല് എങ്ങനെ കിട്ടി?”

കാപ്പി കുടിച്ചുകൊണ്ടിരുന്നതിനിടയിൽ ഞാൻ ചോദിച്ചു. “നിങ്ങൾ എന്റെ ഒരാത്മസുഹൃത്തായതുകൊണ്ട് പറയുകയാണ്. എന്റെ പെമ്പറന്നവരുടെ വീട്ടിനടുത്ത് റേഷൻ കടക്കാരൻ അബ്ദുല്ലാ എന്നൊരു വലിയ മുതലാളിയുണ്ട്. അയാൾ തനി ബൂർഷയാണ്. പക്ഷേ അതിനിടയിൽക്കൂടി തനി ജനകീയവും തുടങ്ങിയിട്ടുണ്ട്. ഗോമതിയെ കളഞ്ഞിട്ട് അവളുടെ അനുജത്തി സുമയുടെ “കാപ്പിറൈററ്” വാങ്ങിക്കാൻ ഞാൻ തക്കംനോക്കി, തഞ്ചത്തിൽ വേലയിറക്കിക്കൊണ്ടിരുന്നു. ആയിടയ്ക്കു് നമ്മുടെ ബൂർഷായും അവളുമായി നേരമല്ലാത്ത നേരത്ത് ചില കൂടിക്കാഴ്ചകളും അഭിമുഖസംഭാഷണങ്ങളുമെല്ലാം നടത്തുന്നുണ്ടെന്ന് ചില പത്രറിപ്പോർട്ടറന്മാർ മുഖാന്തിരം ഞാനറിഞ്ഞു. അയാളുടെ കടയിൽവച്ച് ഒരുദിവസം കുറെ ‘ഇൻക്വിലാബെല്ലാം’ ഞാൻ വിളിച്ചുപറഞ്ഞു. അയാൾക്ക് കോപം വർദ്ധിച്ചു എന്നെ അരമണിക്കൂർനേരം തറയിൽ നിറുത്തിയില്ല. ഫുട്ബാളിനെപ്പോലെ അടിയോടടി. ഞാൻ കൊണ്ടടം കൊണ്ടു തടുത്തു. ഒടുവിൽ നോക്കിയപ്പോൾ രണ്ടു പല്ല് ലിക്വിഡേഷനായിപ്പോയി”

ഇത്രയും പറഞ്ഞതും, ബെഞ്ചുകളെയെല്ലാം മറിച്ചിട്ടുകൊണ്ടു് കമ്യൂണിസ്ററ് നേതാവ് ഒററ ഓട്ടം.

“ഈ റൗഡിയെ പിടിച്ചുകൊള്ളണേ, ഡി. എസ്. പി. യജമാനന്റെ മകളുടെ മാല മോഷ്ടിച്ച കള്ളനെ പിടിച്ചുകൊള്ളണേ!......”

എന്നു ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ടു് രണ്ടു പോലീസുകാരും പുറകേ ഓടി. പാവം! ചാക്കോച്ചന്റെ കയ്യിൽ പിററന്ന് അരി വാങ്ങിക്കാനുള്ള ഒരു രൂപയുണ്ടായിരുന്നതുകൊണ്ടു് ചായക്കടയിൽനിന്നും മാനമായി രക്ഷനേടി.

## ഇതാണു നിങ്ങളുടെ സമയം!

വെളിയൂർ പകുതിയിലേയ്ക്കു് ആവശ്യമുള്ള സി. ലൈസൻസി കടയ്ക്കു് അവരവരുടെ ഇഷ്ടാനുസരണമുള്ള പുകയിലകളും, ബീടിഇലകളും, സുക്കാ, സിഗരട്ട്, സോപ്പുകൾ എല്ലാം മിതമായ വിലയ്ക്കു് ഇവിടെ കിട്ടുന്നതാണ്.

പ്രൊ: ശ്രീധരൻ & Co.

മുരുക്കുംപുഴ.

# ★ പു: സ: യുടെ രഹസ്യം ★

എ. ബി. സി.

അന്നത്തെ സമ്മേളനം അങ്ങനെ പൊടിപാറി നടന്നു. പല വിധത്തിലുള്ള കലാപ്രകടനങ്ങളും അന്ന് അവിടെ ഉണ്ടായിരുന്നെങ്കിലും ഭൂരിപക്ഷം സദസ്സിൻെറയും പ്രശംസയ്ക്കു പാത്രീഭവിച്ച ഏക കലാകാരൻ മലബാർ രാമൻനായരായിരുന്നു. ഓട്ടൻതുള്ളൽ എല്ലാവരും കണ്ടിട്ടുണ്ടെങ്കിലും മലബാർ രാമൻനായരുടെ ആ കലാവിഷ്കരണത്തിൻെറ മാഹാത്മ്യം നിസ്തുല്യമായിരുന്നു. വിശേഷിച്ചും കല്യാണസൗഗന്ധികാ കഥയിലെ ഹനുമദ് ഭീമ മത്സര വർണ്ണന സഹൃദയരുടെ ഹൃദയത്തിൽ സുധാധാര പൊഴിക്കുവാൻ തികച്ചും പര്യാപ്തമായിരുന്നു.

രാമൻനായരുടെ 'സംഗീതമാധുരി' ചോട്ടവയ്പിൻെറ പരിക്ലിപ്തി, കഥകളി നടനോട്ട പോലും കിട നിൽക്കുന്ന അഭിനയസമ്പ്രദായം' കഥകളിയുടെ രീതിയനുസരിച്ച് ചിട്ടപ്പെടുത്തിട്ടുള്ള ആ ഹസ്തകമുദ്രക്കൈകൾ എന്നീ ഗുണങ്ങളെ സ്തുതിച്ചുകൊണ്ട് സദസ്യർ ഹാരം വിട്ടുതുടങ്ങി. അക്കൂട്ടത്തിൽ ഒരാൾ മാത്രം മലബാർ രാമൻനായരേയും തുള്ളൽപ്രസ്ഥാനത്തെയും ക്രമത്തിലധികം അധിക്ഷേപിച്ചുതുടങ്ങി. വിദ്വാന് ബുദ്ധിഭ്രമത്തിൻെറ ലക്ഷണങ്ങളൊന്നും കണ്ടില്ല: അയാൾ ഉപയോഗിക്കുന്ന ശൈലിയിൽ നിന്നും ഒരു സഹൃദയനല്ലെന്നും വിചാരിക്കുവാൻ ന്യായമില്ല. ഇഷ്ടന് ഓട്ടൻതുള്ളലിനോടുള്ള വൈരസ്യത്തിൻെറ കാരണം കണ്ടുപിടിക്കുവാനായി ഞാൻ അയാളോട് സംഭാഷണത്തിലേർപ്പെട്ടു.

"ആ പിരിലൂസ് നമ്പ്യാർക്ക് വേറെ വല്ല കഥയും രചിക്കരുതോ? അസംഭാവ്യമായ പഴഞ്ചൻ പുരാണ കഥകളെത്തന്നെ ആവർത്തിച്ചതേ ഉള്ളല്ലോ."

ഞാൻ:—"പുരാണ കഥകളൊന്നും അസംഭാവ്യമല്ല. തത്വങ്ങളെ കഥാരൂപത്തിൽ ഉദാഹരിക്കുകയാണ് പുരാണങ്ങളും ഇതിഹാസങ്ങളും ചെയ്യുന്നത്."

"ഓഹോ! ഒരു വാനരൻ മനുഷ്യനോടു സംസാരിക്കയും മത്സരിച്ച് അയാളെ തോല്പിക്കയും ചെയ്തു അല്ലേ? ഇതു സംഭാവ്യമാണോ? ഏതു തത്വത്തെയാണ് ഈ കള്ളക്കഥ ഉദാഹരിക്കുന്നത്?,,

786

Phone No. 201

**S. MOHAMED NOOHU,**

FORWARDING & COMMISSION AGENT,

**KALPALAKADAVOO, TRIVANDRUM.**

വള്ളം, ലോറി വഴിയായി അയക്കുവാനുള്ള ചരക്കുകൾ മിതമായ റേറ്റിൽ സുരക്ഷിതമായി കൃത്യസമയങ്ങളിൽ എത്തിക്കുവാൻ ഞങ്ങളെ ഏല്പിക്കുക.

ഞാൻ:-"അനാര്യന്മാരായ ദ്രാവിഡവർഗ്ഗക്കാർ വിരൂപരായിരുന്നു. ആ കിഷ്കിന്ധാവാസികളെയാണു് ആര്യന്മാർ വാനരന്മാരെന്നു വിളിച്ചുവന്നതു്. "Man is a being evolved from pelike beings" എന്ന പരിണാമ സിദ്ധാന്തപ്രകാരം പുരാതന വർഗ്ഗക്കാർ വാനരരൂപന്മാരായിരുന്നു എന്നു വിചാരിക്കുന്നതിൽ എന്താണുതെററു്? ഭീമൻ ഹനുമാന്റെകൈക്കു പരാജയമടഞ്ഞു എന്നുപറഞ്ഞാൽ ശരീരബലവും അഹങ്കാരവും ബ്രഹ്മചര്യത്താൽ പരാജിതമായി എന്നേ ധരിക്കുവാനുള്ളു.

അങ്ങനെ ഞങ്ങളുടെ സംഭാഷണം നീണ്ടുപോയി. Kശവദേവിന്റെയും ചെംകുന്നം മാക്രി, ചവറു ജെ. പിള്ള മുതലായ നിരക്ഷരകക്ഷികളുടേയും, 'വി'ശേഷന്ന 'അഭി'കാമ്യമായ 'ചാരം' നിറഞ്ഞ ചെറു കഥകൾ തുടരെ വായിച്ചുപോയതിനാലാണു് എന്റെ സുഹൃത്തിനു് തുഞ്ചകുഞ്ചാദികളുടെ സാഹിത്യം അരോചകമായിത്തീർന്നതെന്നു് ഞാൻഊഹിച്ചു. കൈരളിയെ ആനന്ദനൃത്തം ചെയ്യിച്ച സാക്ഷാൽ ശ്രീരാമാനുജനെഴുത്തച്ഛൻ മുതൽ കൈരളിയുടെ വിസർജ്ജനാവശിഷ്ടങ്ങൾ 'ഓടയിൽ നിന്നും' നക്കിയെടുത്ത കേ:ശവദേവൻവരെയുള്ള എല്ലാവരുടേയും കൃതികൾ വായിക്കണമെന്നും അപ്പോൾ മാത്രമാണു് രാമായണഗാനഗന്ധർവൻ, കുഞ്ചൻനമ്പ്യാർ, ചെറുശ്ശേരി മുതലായ കേരളീയഗുരുക്കന്മാരുടെ സാഹിത്യത്തിന്റെ നിസ്തുല്യമാഹാത്മ്യം മനസ്സിലാക്കാൻ കഴിയുകയുള്ളുവെന്നും ഞാൻ വാദിച്ചു. കുഞ്ചൻനമ്പ്യാരെന്നുള്ള പേരുകേൾക്കുമ്പോളെക്കയും ആ യുവാവു് കലികൊണ്ടുതുള്ളിയിരുന്നു............

എന്റെ താമസസ്ഥലം അല്പം അകലെ ആയതിനാൽ ഞാൻ ആ രാത്രി ഹോട്ടലിൽ വിശ്രമിക്കാൻ പോകുയാണെന്നു് സ്നേഹിതനെ ധരിപ്പിച്ചു. അതിന്റെ ആവശ്യമില്ലെന്നും സമീപസ്ഥമായ തന്റെ വസതിയിൽ ഞാൻ ഒരു അഥിതിയായി ചെന്നു താമസിക്കുന്നതു് തനിക്കു സന്തോഷകരമാണെന്നും അദ്ദേഹം പറഞ്ഞു. അതനുസരിച്ചു് ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നു. അവിടെ ഒരു മേശപ്പുറത്തു് രാവണവിജയം ആട്ടക്കഥ, രാമരാജബഹദൂർ, കേരളപാണിനീയം എന്നീ അനർഘഗ്രന്ഥങ്ങളോടൊപ്പം കണ്ണൻ എന്ന ഗദ്യനാടകവും കിടക്കുന്നതുകണ്ടു് എനിക്കു് അൽഭുതവും അമർഷവും തോന്നി. കുസുമകരോദ്യാനത്തിൽ സുഗന്ധബന്ധുരമായ പനിനീർ പുഷ്പങ്ങളുടെ ഇടയിൽ കണ്ടകദന്തുരമായ പട്ടിച്ചെട്ടിച്ചിച്ചെടി വളർന്നു നിൽക്കുന്നതുപോലെ! ഓഹോ! എന്റെ ആതിഥേയൻ സാഹിത്യവിശാരദു് പരീക്ഷയ്ക്കു തയാറെടുക്കുന്ന ഒരു അദ്ധ്യാപകനായിരിക്കണം, തുഞ്ചത്താചാര്യൻ രസികസാമ്രാട്ടായ കുഞ്ചൻനമ്പ്യാർ എന്നിവരെ പുച്ഛിക്കുന്ന ഒരദ്ധ്യാപകന്റെ ശിഷ്യന്മാർക്കു് ഏതുവധത്തിലാണു് സാഹിത്യാസ്വാദനശക്തി ഉണ്ടാവുക? ഉണ്ടാകണമെന്നു് ഭരണകൂടത്തിനു് നിർബന്ധമില്ലാത്തനിലയ്ക്കു് എല്ലാം നടക്കും.

ആതിഥേയനും ഞാനും വരാന്തയിൽ കയറിയ ഉടൻ "മൂന്നാമത്തെ അച്ഛൻ" വന്നു് എന്നു ഉത്ഘോഷിച്ചുകൊണ്ടു കുട്ടികൾ തുള്ളിച്ചാടി. അച്ഛാ! ഒന്നാമത്തെ അച്ഛനെവിടെ? രണ്ടാമത്തെ അച്ഛനെവിടെ? അച്ഛാ!" എന്നും മററും കുട്ടികൾ ചോദ്യം തുടങ്ങി.

കുറേ പാലും പഴങ്ങളും കഴിച്ചുകൊണ്ടു് ഞാൻ അവിടെ കിടന്നു. ഉറങ്ങിക്കിടക്കവേ

ആരുടേയോ കാൽപെരുമാററം കേട്ടു. ഞാൻ ഞെട്ടിയുണൎന്ന് ആ ലക്തികദീപം തെളിച്ചു. കുറേ വർഷങ്ങൾക്കുമുമ്പ് എൻെറ ബഹുമാനത്തിനും ആദരവിനും പാത്രീഭവിച്ചിരുന്ന ഒരു സ്ത്രീയായിരുന്നു അതു്. ആ വീട്ടിലെ ഏകോദരസഹോദരന്മാരുടെ പ്രിയപത്നിയാണു താനെന്നു അവർ എന്നെ ധരിപ്പിച്ചു. പക്ഷേ, പാണ്ഡവന്യായം പരിപാലിച്ച പാഞ്ചാലി ആ റാമതൊരാളെ നോക്കിയതായിപ്പോലും കേൾവിയില്ല.......

അങ്ങനെ അന്നു് എനിക്കു ലഭിച്ച സൽക്കാരം......

അഞ്ചെങ്കിലും കണക്കെന്നവൾക്കൊരു
ചാഞ്ചല്യവുമില്ല തെല്ലുപോലും
നാലുപേർ കേട്ടാൽ നിരക്കാത്ത വസ്തുവീ
വാലുള്ള വാനരന്മാർക്കും ചിതംവരാ

എന്ന വരികൾ രചിച്ച കുഞ്ചൻനമ്പ്യാരെ കഠിനമായി ചീത്ത പറഞ്ഞുകൊണ്ടായിരുന്നു എൻെറ ആതിഥേയൻ പുറത്തുവന്നതു്. മലയാളഹിന്ദുക്കൾ ഹരിനാമകീർത്തനം ചൊല്ലുന്ന ആ സുപ്രഭാതത്തിൽ എൻെറ സ്നേഹിതൻ പഴയ കവികളെ ഇത്രമാത്രം അധിക്ഷേപിച്ചതിനുള്ള കാരണം ശരിക്കു് മനസ്സിലാക്കിക്കൊണ്ടുതന്നെ ആയിരുന്നു ഞാൻ എഴുന്നേററതു്....

ഞാൻതന്നെ അങ്ങു് അയ്യോടാ എന്നായിപ്പോയി.

പക്ഷേ ഇതായിരിക്കാം പു. സാ. ക്കാർ പഴയവരെ പുച്ഛിക്കുന്നതിൻെറ രഹസ്യം !!!

## വിവാഹ മംഗളാശംസ.

ആററിങ്ങൽ രസികൻ പത്രാധിപർ ശ്രീമാൻ പച്ചൻകുളം വാസുപിള്ള അവർകളുടെ സീമന്ത പുത്രി ശ്രീമതി B. മധുകുമാരിയും ചിറയിൻകീഴ് മുക്കാട്ടു് ശ്രീ രാമൻപിള്ള അവർകളുടെ പുത്രൻ മി. R. P. നായരും തമ്മിൽ വൃശ്ചികം 28-ാം തീയതി കെങ്കേമമായി നടന്ന വിവാഹത്തിനു വികടകേസരി നവദമ്പതികൾക്കു് മംഗളമാശംസിച്ചുകൊള്ളുന്നു.

## ഉയരുമിപ്പോൾ

കലാരത്നം എൻ. ബി. ഗണകൻ ഹരിപ്പാട്.

തൊഴിലാളി ഉയരട്ടെ! മുതലാളി തുലയട്ടെ!
തൊഴുകയ്യോടുയരട്ടേ, ഭാരതാംബ
അഴിമതിയടിയട്ടെ, കഴിവുകളുയരട്ടെ,
അഴലേറും നേതൃത്വം വഴിമാറട്ടെ
സഹനത,യെവിടെയും നടമാടട്ടെ!
ചുടുനിണത്തുള്ളികൾ കുടുകുടെ വീഴ്ത്തിയ
പടവെട്ടു വിടകൊള്ളട്ടിവിടെ നിന്നും.
അടിമത്വം കൽപിച്ച തലമൂത്തതമ്പ്രാക്കൾ
അടിക്കുപ്പട്ടിവിട്ടത്തെ കുടിലെല്ലാം
അടിയനും തീണ്ടലും പടിവിട്ടുപോയിട്ടും
പടിയിൽനിന്നലറുന്നീക്കുട്ടവാലോകം
എരിപൊരിക്കൊള്ളുമോരുദരത്തീ ചൂളയിൽ
കരിതിങ്ങിക്കരയുന്നു, കലകളെല്ലാം.
കരൾവാട്ടി.എരിയുമീക്കഴിവില്ലാ കർഷകൻ
കരയേണ്ട ഭാരതം ഉയരുമിപ്പോൾ.

# അറിയിപ്പ്

## "വികടകേസരി"

ശബരിമല മകരവിളക്കു പ്രമാണിച്ചു് അയ്യപ്പഭക്തന്മാരെ എരുമേലിമുതൽ സന്നിധാനം വരെ സമീപിക്കുന്നു. ചിരിയിൽക്കൂടി ചിന്തിപ്പിക്കുന്നവയാണു് വികടകേസരിയുടെ ഓരോ ലക്കത്തിൻെറയും പ്രത്യേകത. മുഖം നോക്കാത്ത വിമർശനം, രാഷ്ട്രീയമായ ഫലിതലേഖനങ്ങൾ. ചിരിച്ചു മണ്ണുകപ്പിക്കുന്ന ഫലിത കാർട്ടൂൺ, നാട്ടുവർത്തമാനങ്ങൾ ഇവകളോടുകൂടി എല്ലാമാസവും നിങ്ങളെ സമീപിക്കുന്നതായിരിക്കും. ഒരുകൊല്ലത്തെ വരിസംഖ്യ മുൻകൂർ കൊടുത്തു് രസീതുവാങ്ങി സൂക്ഷിക്കേണ്ടതും അത്യാവശ്യമാണു്. വരിക്കാരാകണമെന്നു ആഗ്രഹമുള്ളവർ എരുമേലിയിലും, പമ്പയിലും, സന്നിധാനത്തിലും പത്രാധിപർ നേരിട്ടു സഞ്ചരിക്കുന്നതാണു്.

പത്രാധിപർ.

## പിന്നെ സമയമെവിടെ ?

(എക്സ്പ്രസ്സ്)

വല്ലതും വേലചെയ്യണമെന്നാലോചിച്ചു. എത്രദിവസം വേലചെയ്യാൻ കിട്ടുമെന്നു്കണക്കുനോക്കി. കണക്കു ചുവടേ ചേർക്കുന്നു.

| | |
|---|---|
| ഒരാണ്ടിൽ ശരാശരി | 365¼ ദിവസം |
| ഉറക്കം, ദിവസം 8 മണിക്കൂർ വീതം ഒരാണ്ടിൽ | 122 ... |
| വിശ്രമം ദിവസം 8 മണിക്കൂർവീതം | 122 ... |
| ഭക്ഷണം, ദിവസം 1ൽമണിക്കൂർ ശരാശരി | 22ഷ ... |
| സുഖക്കേടുകൾ ശരാശരി ൳ മണിക്കൂർവീതം | 3ൽ ... |
| ആകെ | 270൳ ... |
| നീക്കിബാക്കി | 95 ... |
| ഞായറാഴ്ച ഒഴിവുദിവസമാണു് ആണ്ടിൽ ഞായറാഴ്ചകൾ | 52 ... |
| ക്രിസ്തുമസ്സിനു ഒഴിവുവേണം | 7 ... |
| മററു കലണ്ടർ ഒഴിവുകൾ ആചരിക്കണം. | 28 ... |
| രാജപ്രമുഖൻെറ തിരുനാൾ അവധി കൂടിയേ തീരൂ | 1 ... |
| ക്ഷേത്രപ്രവേശനദിവസവും വേല ചെയ്തുകൂടാ | 1 ... |
| ഗാന്ധിവധദിവസം ദുഃഖമാചരിക്കുക തന്നെ വേണം | 1 ... |
| സ്വാതന്ത്ര്യദിനത്തിൽ അവധി ആവശ്യമാണു് | 1 ... |
| വയലാർ പുന്നപ്ര സംഭവദിവസം സ്മരണീയമാണു് | 1 ... |
| രാജേന്ദ്രദിനം കൊണ്ടാടണം | 1 ... |
| സംയോജനദിനം ഒരിക്കലും മറക്കത്തക്കതല്ല. | 1 ... |
| ആകെ | 94 ... |
| നീക്കിബാക്കി | 1 ... |

അതു്, തൊഴിലാളി പ്രക്ഷോഭണദിനം ആചരിക്കേണ്ടതല്ലേ. പിന്നെ സമയമെവിടെ സമയമുള്ളപ്പോഴൊക്കെയും ഇൻക്വിലാബ് വിളിക്കാം.

## നാട്ടുവർത്തമാനങ്ങൾ

തിരുവനന്തപുരം:-പഴവങ്ങാടി കോട്ടയ്ക്കകത്തു് ഒരു റേഷൻ ഡിപ്പോയിൽ അക്കൌണ്ടു ബുക്കിൽ പെൻസിലിൽ എഴുതിയിട്ടു് മഷിയായി മാറുന്നതായി ഒരു ബഹളം. കഴിഞ്ഞ ലക്കത്തിൽ K. M. S. റെപ്പൂററി ചേർത്തിരുന്ന വാർത്ത അടിസ്ഥാനരഹിതമാണെന്നു് സ്വന്ത അന്വേഷണത്തിൽ അറിയുന്നു. വള്ളക്കടവിൽ ഒരു കൃഷ്ണയ്യുക്കും ഫോർസെയിൽ ഉണ്ടോ? ഗസ്ററ് ഹൌസ് ഒരു ഉദ്യോഗസ്ഥൻ പലരേയും സസ്പെൻററ് ചെയ്യുന്നതായി ഒരു ബഹളം. ക്രിസ്തുമസ്സ് പ്രമാണിച്ചു് കുമാർകേഫിൻ നവീന രീതിയിലുള്ള പ്രവർത്തനം ആരംഭിച്ചി

## പണിമുടക്കും പണമടപ്പും

എന്നും ഇങ്ങനെ പള്ളിക്കൂടത്തിൽ പണിമുടക്കാണെങ്കിൽ പിന്നെ എന്തിനു മുടങ്ങാതെ പണമടയ്ക്കണം. താഴെ വിവരിക്കുന്ന കണക്കു കൊണ്ടു നിങ്ങൾ എന്തു മനസ്സിലാക്കുന്നു.

| | |
|---|---|
| വൃശ്ചിക മാസത്തിൽ ആകെ സാദ്ധ്യയായ ദിവസം | 20 |
| ട്രാൻസ്പോർട്ടു പണിമുടക്കിനു അനുഭാവം പ്രകടിപ്പിക്കാൻ പണിമുടക്കു് | 2 |
| സ: രാമസ്വാമിയുടെ നിരാഹാര സത്യാഗ്രഹത്തിനു് പിൻതുണ പണിമുടക്കു് | 2 |
| കൊല്ലം കാളേജ് സംഭവങ്ങളെ പ്രതിഷേധിക്കാൻ പഠിപ്പു മുടക്കും ജാഥയും | 2 |
| പോററിയേയും കൃഷ്ണനേയും ലാക്കപ്പിൽ നിന്നും വിടുവിക്കാൻ പ്രക്ഷോഭണം. | 4 |
| പോലീസു ഇടപെടലിനെ പ്രതിഷേധിക്കാൻ വിദ്യാലയ ബഹിഷ്കാരം. | 2 |
| ആകെ പഠിപ്പുമുടക്കു് ദിവസം. | 12 |

ബാക്കി 8 ദിവസം

ഒരു മാസത്തിലെ ഫീസു വിവരം

| | | |
|---|---|---|
| 1-ാംഫാറവും രണ്ടാംഫാറവും | 1 1/2 രൂപാവീതം | |
| | 3 | രൂപാ |
| 3-ാംഫാറം 3 രൂപാവീതം | 3 | ,, |
| 4-5-6-ഫാറങ്ങൾ 6 രൂപാവീതം | 18 | |
| ആകെ | 24 | |

പഠിത്തമുള്ള ദിവസമൊന്നിനു് 24÷8=3 രൂപവീതം വിദ്യാർത്ഥിക്കു് ഫീസിനത്തിൽ രക്ഷകർത്താക്കന്മാർ കൊടുക്കുന്നു. കൊടുത്തില്ലെങ്കിൽ ആകെന്തുചേതം? നേരമുള്ളപ്പോഴൊക്കെയും ഇൻക്വിലാബ് വിളിക്കാം.

രിക്കുന്നു. പേരൂർകട ഒരു ഓവർസീയരുടെ കണ്ടാമണ്ടിത്തരം അടുത്തതിൽ. ചാലയിൽ ചില പാത്ര കച്ചവടക്കാർ ആളുകളെ ചിരിച്ചു മയക്കുന്നതായി ഒരു സംസ്സാര ബഹളം. പേരു വിവരം അടുത്തതിൽ. മാധവ വിലാസം സൈക്കിൾ ഷാപ്പിൽ എല്ലാ ഇനം സൈക്കിൾ സാമാനങ്ങളും മിതമായ വിലക്ക കിട്ടുന്നതാണ്. സംസ്കൃത കാളേജിലെ കരിങ്കാലികളുടെ ലിസ്ററും ഫാലിളക്കവും വരുന്നു. മാതൃവിൻെറ പുറം തള്ളലിൽ അരിശമോ! K. R. V. ധരനോട് കളിക്കുന്നതു് ശരീരത്തിനു കേടു് സംഭവിക്കാൻ ന്യായമുണ്ടെന്നൊരു ഉപദേശ ബഹളം. വികടകേസരി ഒററപ്രതി സംസ്കൃതകാളേജിൽ ശ്രീ K. R. V. ധരനോടും പുളിമൂട്ടിൽ ന്യൂസ് ഏജൻറ് ശ്രീ: ഭാസ്കരൻ നായർ വശവും കിട്ടുന്നതാണ്. T. S. T. മണി & Co പരിപൂർണ്ണ ഉത്തരവാദിത്വമുള്ള സകലവിധ സ്വർണ്ണാഭരണങ്ങളും, വെള്ളി പാത്രങ്ങളും ലഭിക്കുന്നതാണ്. ഒന്നാം പുത്തൻ തെരുവിൽ റേഷൻ ഡിപ്പോ ഒരു K. K. നാരായണയ്യരുടെ പൊടിപ്പും, തൊങ്ങൽ രഹസ്യവും അടുത്തതിൽ.

ആററങ്ങൽ:-അന്തിചന്ത സമീപത്തു് മാക്കററു റോഡിലും, ചന്തയിലും ഒരു തരം ജീവികൾ ചന്തയിൽ പോകുന്ന സ്ത്രീകളെ കളിയാക്കുകയും, അസഭ്യങ്ങൾ പുലമ്പുകയും ചെയ്യുന്നതു് ഐ. പി. ശ്രദ്ധിച്ചാൽ കൊള്ളാം. മള്ളൂർ വിലാസം ഗ്രന്ഥശാലയിൽ വിവിധ പരിപാടികളോടുകൂടി അയ്യപ്പൻ പൂജ നടന്നു വരുന്നതായും അറിയുന്നു. നാനാ ജാതി മതസ്ഥന്മാരും പൂജക്ക കഴിയും വിധം സംഭാവനകളും ചെയ്യുന്നുണ്ട്. മലക്കറി വ്യാപാരം ശ്രീ കാസിം പിള്ളയാണ് പ്രധാന പങ്കാളി നാണെന്നുള്ളതും ഇവിടെ സ്മരണീയമാണ്. നാദസ്വര വിദ്വാൻ ശ്രീ: സാംബശിവൻപിള്ളയുടെ മേൽ നോട്ടത്തിൽ സ്ഥലത്തു ഒരു കലാമന്ദിരം തുറന്നിരിക്കുന്ന വിവരം പൊതുജനങ്ങളെ അറിയിച്ചു കൊള്ളുന്നു. ടി സ്കൂളിനു ഞങ്ങളുടെ അകമഴിഞ്ഞ ആശംസ.

പുത്തൻകാവിൽ ക്ഷേത്രത്തിൽ രാവിലെ നടക്കുന്ന നിർമ്മാല്യം കാലത്തു ഏഴര മണിക്കാണെന്നും മഞ്ഞിൻെറ കാഠിന്യം നിമിത്തം പോററി കുളിക്കാതെയാണ് പൂജക്ക വരുന്നതെന്നും മററും ധനുമാസം മൂന്നാം തീയതി തൊഴാൻ ചെന്ന രണ്ടു് അയ്യപ്പ ഭക്തന്മാർ പരാതിപ്പെടുന്നതായി ഒരു ബഹളം. കൂടുതൽ വിവരം അന്വേഷിച്ചു് അടുത്തതിൽ.

കൊല്ലം:-അന്നപൂർണ്ണാലയം നായർ ഹോട്ടലിൽ പുതിയ പല പരിഷ്കാരങ്ങളും ഏർപ്പെടുത്തിരിക്കുന്നു. താമസസൗകര്യം, കുളി, മുതലായവയ്ക്കു് പ്രത്യേകം തയ്യാർ ചെയ്തിരിക്കുന്നു. കടപ്പാക്കട രാത്രി കാലങ്ങളിൽ ചില സാധുക്കളുടെ വീടുകളിൽ ചട്ടമ്പി ശല്യം നടക്കുന്നതായി ഒരു ബഹളം.

കേരളപുരം:-നാണുപിള്ളയുടെ പൊങ്ങച്ചം വിദ്യാധരനോടു് കാണിക്കുന്നതിന് ദേഹത്തിന് പററിയതല്ലന്നു് ഒരു ഉപദേശം ബഹളം. കുണ്ടറ പോലീസ് സ്റ്റേഷൻ പാവപ്പെട്ട സ്ത്രീകളുടെ അഭിമാനത്തിന് ഭംഗമോ! നേതാജി വിലാസം അലക്കു കമ്പനി കൃത്യ നിഷ്ഠയിൽ രാത്രിയിലെ മിന്നാമിനുങ്ങികൾ അടുത്തതിൽ.

ചെങ്ങന്നൂർ:-ശ്രീ നാരായണ വിലാസം സ്ത്രീകളേ മാത്രമേ അസമയത്തും ചികത്സിക്കു എന്നു് വൈദ്യൻ ഒരു നിർബന്ധ ബഹളം. പോ: ഇൻസ്പെക്ടരുടെ ഭരണം തൃപ്തികരം. മ. തോടിനം സ്ഥലമാററം അനുവദിച്ചതായി ഒരു സംസ്സാരം.

ആലംകോട്:-മുക്കിൽ കളിക്കാൻ മേലാററങ്ങൽ കടവിൽ അടിക്കടി സന്ദർശനം നടത്തുന്നതായി ഒരു സംസ്സാര ബഹളം.


ചിറയിൻകീഴ് താലൂക്കിലെ മികച്ച ഏകസ്ഥാപനം.

## ഒന്നാംതരം ഫ്ളൗവ്വർ മിൽ

ഭക്ഷ്യധാന്യങ്ങൾ കൃത്യനിഷ്ഠയോടുകൂടി മിതമായ റേററിൽ പൊടിച്ചുകൊടുക്കപ്പെടും. ആവശ്യക്കാർ ഞങ്ങളെ സമീപിക്കുക.

മാനേജർ.

# പ്രത്യേക അറിയിപ്പ്

## പി. മാധവൻ തമ്പി

### —വെങ്കലപാത്ര വ്യാപാരം,—

ചാല, തിരുവനന്തപുരം.

ഞങ്ങളുടെ കടയിൽനിന്നും വാങ്ങുന്ന വെങ്കലപാത്രങ്ങൾക്കു് എന്തെങ്കിലും അററകുററമോ, ഉപയോഗശൂന്യമോ ആയിരുന്നാൽ, ആ പാത്രം ഞങ്ങൾ തരുന്ന ബില്ലോടുകൂടി മടങ്ങിക്കൊണ്ടുവരാവുന്നതും ബില്ലുപ്രകാരംതന്നെ സൈസുപാത്രം കൈവശം ഇല്ലാത്തപക്ഷം അതിൻെറ വില തിരിച്ചുകൊടുക്കുന്നതും ആകുന്നു.

**N. B.** ഞങ്ങളുടെ മേൽനോട്ടത്തിൽ തയ്യാർചെയ്യുന്ന ചെമ്പുപാത്രങ്ങളിൽ ഞങ്ങളുടെ മുദ്ര ഉണ്ടായിരിക്കുന്നതാണു്. കൂടാതെ സ്റ്റെയിൻലസ്സ് സ്ററീൽ (എവർ സിൽവർ) പാത്രങ്ങളും എപ്പോഴും കിട്ടുന്നതാണു്. ഒരേവില !!

പ്രൊപ്രൈററർ, പി. എം. തമ്പി.

---

## ഈ സുവർണ്ണാവസരം പാഴാക്കരുതേ !

യാത്രക്കാരുടെ സുഖസൗകര്യങ്ങളെ ഉദ്ദേശിച്ചു് പ്രസിദ്ധപാചകരാൽ തയാറാക്കപ്പെടുന്ന എല്ലാവിധ പാനീയപദാർത്ഥങ്ങളും എപ്പോഴും തയാർ.

N. B. ക്രിസ്തുമസ്സ് പ്രമാണിച്ചു് ഞങ്ങളുടെ സ്ഥാപനത്തിൽ നിന്നും വിവിധരീതിയിലുള്ള കേക്കുകൾ, ബന്നുകൾ, മുതലായ സാധനങ്ങളും ഇവിടെ കിട്ടുന്നതാണു്.

M 800

**— കുമാർ കേഫ് —**

പഞ്ചാപ്പുരമുക്ക് — പാളയം.

പ്രൊ. എ. കുമാർ.

---

Visit—

## NEW RESTAURANT

THAMPANOOR—TRIVANDRUM.

ഇവിടെ രുചിയും, ശുചിയുമുള്ള പാനീയപദാർത്ഥങ്ങൾ സദാ തയാർ.

Pro: V. Bhaskara Pillai.

---

പരിപൂർണ്ണ ഉത്തരവാദിത്വമുള്ളതും പരിഷ്കൃതരീതിയിലുള്ളതുമായ സകലവിധ സ്വർണ്ണാഭരണങ്ങളും വെള്ളിപ്പാത്രങ്ങളും മിതമായ വിലയ്ക്കു് ഇവിടെ കിട്ടുതാണു്.

പ്രൊ. എം. ബാലൻ., പോത്തൻകോട്ട്,

# VIKATA KESARI


സമീപിക്കുക!!                                    എന്തിട്ട്?

ഉള്ളൂർമുക്കിന് സമീപം സ്ഥാപിച്ചിരിക്കുന്ന ഈ മഹൽസ്ഥാപനത്തിൽ ഒന്നാം തരം പുകയില, ബീടിഇല, സിഗററ്, സുക്കാ, പല ഇനം സോപ്പുകൾ, ഓയിലുകൾ തുടങ്ങിയവ ആവശ്യമുള്ളവർ ഞങ്ങളെ സമീപിക്കുക.

പ്രൊ. എം. പരമേശ്വരൻ

ബി. ലൈസ്സൻസി, ഉള്ളൂർ.

★ സന്ദർശിക്കുക !! ★

ആററങ്ങൽ വരുമ്പോൾ

സിനിമാതിയേററിന്ന തെക്കുവശമുള്ള

മണികണ്ഠവിലാസം ഹോട്ടൽ & റ്റീഷാപ്പ്

രുചിയും ശുചിയുമുള്ള ഭക്ഷണപാനീയങ്ങൾ

എപ്പോഴും തയ്യാർ.

പ്രൊ. ഗോപാലപിള്ള.

ഹൺസ് ബാർ സോപ്പ്




രുചിക്കും ശുചിക്കും മെച്ച...                    സന്ദർശിക്കുക!

ആററങ്ങൽ മീനാംബിക... ...ററററിന് സമീപം പ്രശസ്തമായ രീതിയിൽ നവീന ഉപകരണങ്ങളോടുകൂടി വിദഗ്ദ്ധപാചകക്കാരാൽ തയാറാക്കപ്പെടുന്നതുമായ പാനീയപദാർത്ഥങ്ങൾ യാത്രക്കാരുടെ സൗകര്യാർത്ഥം സ്ഥാപിച്ചിട്ടുള്ളതുമായ ഞങ്ങളുടെ "അംബിക" വിലാസം റെസ്ററാറൻറിൽ ഒരു പ്രാവശ്യം സന്ദർശിച്ച് സംതൃപ്തരാകുക!

അംബിക വിലാസം റെസ്റ്റാറൻറ്

തിയേററിന് സമീപം — ആററങ്ങൽ.

പ്രൊ: പി. ശങ്കരൻനായർ.



തിരുവനന്തപുരം മുദ്രകൻ പ്രസ്സിൽ അച്ചടിപ്പിച്ച് ആർ. കൃഷ്ണൻനായർ ആററിങ്ങൽനിന്നും പ്രസിദ്ധപ്പെടുത്തുന്നത്.